Vol.XXVII,No.8 August 2011

# യേശു ജീവിക്കുന്നു

Yesu Jeevikkunnu

A Publication of Grace Ministries of India

# ഡാർജിലിംഗിൽ ചർച്ച് ഹാൾ പ്രതിഷ്ഠ

## ഒരു കൂട്ടായ പങ്കാളിത്തതിന്റെ വിജയം

**മി**റിക്ക് : പശ്ചിമബംഗാളിൽ ഡാർജിലിംഗ് ജില്ലയിലെ മിറിക്കിൽ ഗ്രെയ്സ് മിനിസ്ട്രീസ് ഒഫ് ഇന്ത്യയുടെ ചർച്ച് ഹാൾ പ്രതിഷ്ഠിക്കപ്പെട്ടു. ഹൈന്ദവവിശ്വാസികളും, ബുദ്ധമത വിശ്വാസികളും തിങ്ങി പാർക്കുന്ന മലയോരപ്രദേശമായ മിറിക്കിലെ ഒൻപതാമത് മൈൽ ടീ എസ്റ്റേറ്റിൽ, ഇതാദ്യമായി ദൈവസാന്നിദ്ധ്യത്തിന്റെ നിഴലിൽ വസിച്ചുകൊണ്ട് കൂട്ടായ്മ ആചരിക്കുവാൻ ക്രിസ്തുവിന്റെ സവിധത്തിലേയ്ക്ക് കടന്നുവന്ന ജനതക്കായി അനുഗ്രഹീത അവസരം ഒരുക്കപ്പെട്ടു. 2011 ജൂലായ് 15-ാം തീയതി ഗ്രെയ്സ് മിനിസ്ട്രീസ് ഒഫ് ഇന്ത്യ പ്രസിഡന്റ് സഹോ. ഡി. ജെ. അജിത്കുമാർ ഈ ആലയത്തെ പ്രാർത്ഥനയോടെ ദൈവസന്നിധിയിൽ പ്രതിഷ്ഠിച്ചു. ജി.എം.ഐ റീജിണൽ കോ-ഓർഡിനേറ്റർ സഹോ. ജി. ആൽബർട്ട്, മിഷണറിമാർ, ഇതര സഭാനേതാക്കന്മാർ തുടങ്ങി അനവധിപ്പേർ ഈ ശുശ്രൂഷയിൽ പങ്കെടുത്തു. ഇതോടെ, ഇപ്പോൾ തന്നെ 12-ലധികം കുടുംബങ്ങൾ ഒരുമിച്ച് കൂടുന്ന ഇവിടത്തെ കൂട്ടായ്മയ്ക്ക് ഒരു പുത്തൻ ഉണർവിന്റെ അനുഭവം പ്രദാനം ചെയ്യപ്പെട്ടിരിക്കുന്നു.

ഡാർജിലിംഗ് സ്വദേശിയായ മിത്രാറായ് എന്ന സഹോദരൻ സംഭാവനയായി നൽകിയ സ്ഥലത്ത്, കരിങ്കല്ലു കൊണ്ട് അടിസ്ഥാനമിട്ട്, ചുടുകല്ലു കൊണ്ട് നിർമ്മിച്ച് ഷീറ്റുകൊണ്ടുള്ള കൂര പണിത ഈ മനോഹര ദൈവാലയത്തിനായുള്ള എല്ലാ ചിലവുകളും, തിരുവനന്തപുരം സ്വദേശിയും, ദൈവവേലയെ ഏറെ കൈത്താങ്ങൽ നൽകുകയും ചെയ്യുന്ന സഹോ. പി. അനിൽകുമാറിന്റെ മാതാവാണ് (ശ്രീമതി സുലോചന ടീച്ചർ) നിർവഹിച്ചത്. 2008-ലാണ് ഇവിടത്തെ പ്രവർത്തനങ്ങൾ ആരംഭിച്ചത്.





***പിതാവിന്റെയും, പുത്രന്റെയും, പരിശുദ്ധാത്മാവിന്റെയും നാമത്തിൽ :*** പശ്ചിമബംഗാളിലെ ഡാർജിലിംഗ് ജില്ലയിൽ മിറിക്കിൽ പണിയപ്പെട്ട സഭാഹാൾ പ്രാർത്ഥനയോടെ ബ്രദർ ഡി.ജെ. അജിത്കുമാർ പ്രതിഷ്ഠിക്കുന്നു.

ജി.എം.ഐ മിഷണറി സഹോ. സമീർറായ് പ്രവർത്തിക്കുന്ന ഈ മേഖലയിൽ ആകെ 120 കുടുംബങ്ങളാണുള്ളത്. നേപ്പാളി ഭാഷ പ്രധാനമായും സംസാരിക്കുന്ന ഈ സമൂഹത്തിൽ നിന്ന് 10 ശതമാനമാണ് ജി.എം.ഐയുടെ പ്രവർത്തനം മുഖാന്തരം ക്രിസ്തുവിശ്വാസത്തിലേക്ക് എത്തിയിരിക്കുന്നത്. ഇനിയും ശേഷിക്കുന്ന ജനതയും കൂടെ ക്രിസ്തുവിന്റെ സവിധത്തിലേക്ക് അണക്കപ്പെടുവാൻ ഈ ചർച്ച്ഹാൾ കേന്ദ്രീകരിച്ചുള്ള പ്രവർത്തനം മുഖാന്തരമാകട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം. ഈ മനോഹര ചർച്ച്ഹാൾ പണിയുവാൻ സഹായിച്ചവരെയും, അവിടത്തെ പണികൾക്ക് നേതൃത്വം നൽകിയ ജി.എം.ഐ മിഷൻ റീജിണൽ കോ-ഓർഡിനേറ്റർ സഹോ. ജി. ആൽബർട്ട്, ഹാൾ പണിയുവാൻ സ്ഥലം നൽകിയ കുടുംബം, മറ്റു മിഷണറിമാർ, ഇവരെയും ഓർത്ത് പ്രത്യേകം പ്രാർത്ഥിച്ചാലും.



സ്ഥലം നൽകിയ മിത്രാറായിയും, കുടുംബവും



ഇവിടത്തെ മിഷണറി സമീർറായ്



ഇവിടത്തെ സംസ്കാരപ്രകാരം സ്വീകരിക്കുന്നു



ഇവിടത്തെ വിശ്വാസികൾ

## ദുരിതങ്ങളിൽ ആശ്വാസമായി യേശുനാഥൻ



സുശീലാസിംഗ് എന്ന സ്ത്രീയ്ക്ക് ജീവിതത്തിൽ വളരെയധികം ദുരന്തങ്ങൾ നേരിടേണ്ടി വന്നു. ഉത്തരാഖണ്ഡിലെ ഡറാഡൂൺ ജില്ലയിലെ പോന്ധാ ഗ്രാമത്തിൽ താമസിക്കുന്ന ഇവരുടെ ഭർത്താവും മകനും മകളും മരണപ്പെട്ടതിനെ തുടർന്ന് ഇവർ രോഗിയായിത്തീർന്നു. സൗഖ്യത്തിനായി മന്ത്രവാദം ചെയ്യുവാൻ സ്വന്തം വീട് വിൽക്കുന്ന അവസ്ഥവരെയെത്തി. യാതൊരുവിധ സമാധാനവും ഇല്ലാതെയിരിക്കുന്ന അവസ്ഥയിൽ ജി.എം.ഐ. മിഷണറി രാജേഷ് കുമാർ മസി ഇവരെ കണ്ടുമുട്ടുകയും സുവിശേഷം അറിയിക്കുകയും ചെയ്തു. തുടർന്ന് നിരന്തരമായി കൂട്ടായ്മയിൽ കടന്നുവരികയും യേശുക്രിസ്തുവിനെ രക്ഷകനായി സ്വീകരിക്കുകയും ചെയ്തു. ദിവ്യമായ സമാധാനം പ്രാപിച്ച ഇവർ ഇപ്പോൾ ജലസ്നാനമേറ്റ് സഭയോട് ചേർന്നു. ഇവരുടെ നിലനിൽപ്പിനായി പ്രാർത്ഥിക്കാം.

## അത്ഭുതരോഗസൗഖ്യം



അനുസൂര്യദാസ് ഉത്തരാഖണ്ഡിലെ ഡെറാഡൂൺ ജില്ലയിൽ കെഡുവാലാ ഗ്രാമവാസിയാണ്. തൊണ്ടയിൽ രോഗം ബാധിച്ച അദ്ദേഹത്തിന് ട്യൂബിലൂടെയാണ് ആഹാരം നൽകിയിരുന്നത്. അവിടെയുള്ള ജി.എം.ഐ. മിഷണറി ഗോപാൽ ജീത്ത് അനുസൂര്യദാസിന്റെ ഭവനത്തിൽ പോയി പ്രാർത്ഥിച്ചു. ദൈവത്തിന്റെ കൃപയാൽ അദ്ദേഹം സമ്പൂർണ്ണമായി സൗഖ്യം പ്രാപിക്കുകയും സാധാരണ രീതിയിൽ ഭക്ഷണം കഴിക്കുവാൻ ആരംഭിക്കുകയും ചെയ്തു. തുടർന്ന് സ്ഥിരമായി ഇവിടത്തെ ആരാധനയിൽ കടന്നുവന്ന് യേശുക്രിസ്തുവിനെ രക്ഷകനായി സ്വീകരിച്ച് ജലസ്നാനമേറ്റ് ദൈവസഭയോട് ചേർക്കപ്പെട്ടു.

# ഭക്തിയോഗം

**ക്രിസ്തീയ ആത്മീയത - 20**

*ഡി.ജെ. അജിത്കുമാർ*

**ക്രി**സ്തീയ ആത്മീയത ഭക്തിയുടെ ആത്മീയതയാണ്. ബൈബിൾ ദൈവഭക്തിക്ക് നല്ലൊരു സ്ഥാനം നൽകുന്നുണ്ട്. പഴയനിയമത്തിലും പുതിയനിയമത്തിലും ദൈവഭക്തിയുടെ പ്രാധാന്യത്തെക്കുറിച്ച് അനേക പരാമർശങ്ങൾ കാണുന്നു. ഭക്തി എന്ന സംസ്കൃത വാക്കിന് ഉപാസന, ഒരിനം അനുരാഗം, സേവ, ആരാധന എന്നൊക്കെ അർത്ഥമുണ്ട്. ദിവ്യ പ്രേമം, ആദരപൂർവ്വകമായ വണക്കം എന്നീ വാക്കുകളും ഭക്തിക്ക് നൽകി വരുന്നു. ശ്രവണം, കീർത്തനം, സേവനം, സ്മരണം, അർച്ചനം, വന്ദനം, ദാസ്യം, സഖ്യം, ആത്മനിവേദനം എന്നീ ഒൻപതുതരം ഭക്തികൾ ഉണ്ട്. പങ്കിടൽ, വിഭജനം, വേർപാട്, വിഭാഗം, ഓഹരി, അടുക്ക്, ക്രമം, ബന്ധം, അലങ്കാരം, ഗുണം, ധർമ്മം, വിശ്വാസം, നിഷ്ഠ എന്നിവയാണ് ഭക്തിസാധനകൾ. ദാസ്യഭാവം, സഖ്യഭാവം, വാത്സല്യഭാവം, ശാന്തഭാവം, കാന്തഭാവം, രതിഭാവം, ദ്വേഷ്യഭാവം എന്നീ ഏഴ് പ്രധാനമായ ഭക്തിഭാവങ്ങളും ഉണ്ട്. ഭജ്ജ്, ഭഗ്ഗ് എന്നീ മൂലവാക്കുകളിൽ നിന്നാണ് ഭക്തി എന്ന വാക്കുണ്ടായത്. ദൈവത്തോടുള്ള തീവ്രമായ സ്നേഹം (attachment, fervent devotion to God) ആണ് ഭക്തി. പുരാതന വേദഗ്രന്ഥങ്ങളിൽ ഭഗവാൻ, ഭാഗവത, ഭഗവത് എന്നീ വാക്കുകൾ ഇതുമായി ബന്ധപ്പെട്ട് കാണാം. എന്നാൽ ഭാരതത്തിൽ ഭക്തിപ്രസ്ഥാനം രൂപപ്പെട്ടത് ക്രിസ്തുവിനുശേഷം 1200-ലാണ്. 1200-1760 കാലഘട്ടത്തെ ഭക്തിപ്രസ്ഥാനത്തിന്റെ കാലം എന്നറിയപ്പെടുന്നു. തെക്കെഇന്ത്യയിലെ ദ്രാവിഡരുടെ ഇടയിൽ ഭാരതത്തിലെ യാഥാസ്ഥിതിക ബ്രാഹ്മണ പൗരോഹിത്യത്തിനെതിരെയുള്ള ഒരു പ്രൊട്ടസ്റ്റന്റ് മുന്നേറ്റമായി ഭക്തിപ്രസ്ഥാനത്തെ മനസ്സിലാക്കുന്നു. എന്നാൽ ഭക്തിപ്രസ്ഥാനം ഭാരതത്തിൽ സ്വാധീനിക്കാൻ കാരണം ക്രൈസ്തവവിശ്വാസമാണെന്നാണ് ചരിത്രകാരന്മാർ പറയുന്നത്.

ഭഗവത്ഗീതയുടെ 12-ാം അദ്ധ്യായത്തിന് ഭക്തിയോഗം എന്നാണ് പേര് നൽകിയിരിക്കുന്നത്. ഒരു ഭക്തന് അനേകം പ്രത്യേകതകൾ ഉണ്ടായിരിക്കുമെന്ന് അതിൽ പറയുന്നു.

യോ ന ഹൃഷ്യതി ന ദ്വേഷ്ടി
ന ശോചതി ന കാംക്ഷതി
ശുഭാശുഭപരിത്യാഗീ
ഭക്തിമാൻ യ: സ മേ പ്രിയ: (12:17)

ഭക്തൻ ഇഷ്ടപ്രാപ്തിയിൽ സന്തോഷിക്കാത്തവനും, അനിഷ്ടത്തിൽ ദ്വേഷിക്കാത്തവനും ദു:ഖിക്കാത്തവനും, ഇഷ്ടവസ്തുക്കളെ ആഗ്രഹിക്കാത്തവനും, ശുഭാശുഭങ്ങളെ ഉപേക്ഷിക്കുന്നവനുമാണ്.

അനപേക്ഷ: ശുചിർദ്ദക്ഷ
ഉദാസീനോ ഗതവ്യഥ:
സർവാരംഭപരിത്യാഗീ
യോ മദ്ഭക്ത: സ മേ പ്രിയ: (12:16)

ഒന്നിലും ആഗ്രഹിക്കാതെ, പക്ഷവാതമില്ലാതെ, ഭയം അകന്നവനും, പ്രത്യേകമായി ഒരു അപേക്ഷകളും ഇല്ലാത്തവനും, ദൈവത്തിൽ മാത്രം പ്രിയം വയ്ക്കുന്നവനുമാണ് ഭക്തൻ. ദൈവത്തെ മാത്രം ഭജിച്ചുകൊണ്ട് 'ദൈവംമാത്രം മതി' എന്ന കത്തുന്ന സ്നേഹത്തോടെ ജീവിക്കുന്ന ഒരനുഭവമാണ് ഭക്തി. തന്റെ ദൈവത്തോട് അന്ധമായ ഭക്തിയുണ്ടായിരുന്ന മഹാകവി പൂന്താനം എഴുതിയ ജ്ഞാനപ്പാന എന്ന പുസ്തകം വളരെ പ്രസിദ്ധമാണ്. ആ ഐതീഹ്യത്തിൽ അദ്ദേഹം ശരീരത്തോടെ ദൈവത്തോട് സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു എന്ന് പറയപ്പെടുന്നു. തുളസീദാസ്, തുക്കാറാം, കബീർദാസ് തുടങ്ങിയവരും ഒരുതരം ഭക്തകവികളായിരുന്നു.

ദൈവത്തെ അന്ധമായി സ്നേഹിച്ച അനേകഭക്തന്മാരെ ബൈബിളിലും കാണാം. ഭക്തിയുള്ള ജീവിതം നയിക്കുവാൻ വി. പൗലൊസ് ഉപദേശിക്കുന്നു.

1തിമൊ. 6:11 ഭക്തിയെ പിന്തുടരുക.

1തി. 4:7,8 ഭക്തിക്ക് തക്കവണ്ണം അഭ്യസിക്കുക.

2തി. 2:16, 1തി. 6:20 ഭക്തിവിരുദ്ധമായ വ്യർത്ഥാലാപങ്ങളെയും തർക്കസൂത്രങ്ങളെയും ഒഴിഞ്ഞിരിക്കുക.

തീ: 2:13, 1:3 ദൈവഭക്തിയോടെ ജീവിക്കുക.

1തി. 5:4 സ്ത്രീകൾ ഭക്തകളായിരിക്കണം.

**വേദപുസ്തകം വെളിപ്പെടുത്തുന്ന ദൈവം വെറും സ്തുതിയിലും, സ്തോത്രകീർത്തനങ്ങളിലും മാത്രം തൃപ്തിപ്പെടുന്ന ഒരു ദൈവമല്ല. തന്റെ ഭക്തന്മാരുടെ തന്നോടുള്ള ഭക്തി അവരുടെ നിരന്തരമായ കർമ്മങ്ങളിലൂടെ (നീതിയും, ന്യായവും, ദയയും, ധർമ്മവും, സ്നേഹവും) വെളിപ്പെടുത്തേണ്ടതാണെന്ന് വേദപുസ്തകം പഠിപ്പിക്കുന്നു. ദൈവത്തോടുള്ള ഭക്തി വെറും മന:പാഠമാക്കിയ മാനുഷകല്പനകളായി മാറിയെന്ന് യെശയ്യാവു പറയുന്നതിനെ ഉദ്ധരിച്ചുകൊണ്ട് കർത്താവ് ശക്തമായ ഭാഷയിൽ അന്നത്തെ പരീശന്മാരെയും, ശാസ്ത്രിമാരെയും നോക്കി സംസാരിക്കുന്നു (യെശ. 29:13; മർ. 7:6)**

എബ്രാ. 12:28 ഭക്തിയോടെ സേവ ചെയ്യുക.

2പത്രൊ. 2:5,6, 1:3-7, 3:7 ഭക്തികെട്ടവർക്ക് നാശമുണ്ടാകും.

2പത്രൊ. 2:9 കർത്താവ് ഭക്തന്മാരെ പരീക്ഷയിൽ നിന്ന് വിടുവിക്കും.

യൂദാ 15,18 ഭക്തികെട്ടവർക്ക് ന്യായവിധി ഉണ്ടാകും.

വെളി. 11:18 ഭക്തന്മാർക്ക് പ്രതിഫലം ലഭിക്കും.

ഒന്നാം നൂറ്റാണ്ടിലെ സഭ ഭക്തിയിൽ പെരുകി വന്നു (അപ്പൊ. 9:31). ഭക്തിയുള്ള പുരുഷന്മാർ (അപ്പൊ. 8:2), അനന്യാസ് എന്ന ഭക്തിയുള്ള പുരുഷൻ (അപ്പൊ. 22:12), കൊർന്നല്യോസ് എന്ന ഭക്തൻ എന്നീ പ്രസ്താവനകൾ ആദ്യകാലസഭയെക്കുറിച്ച് ദൃശ്യമാണ്.

ദാവീദ് ഒരു ഭക്തകവിയായിരുന്നു. ദൈവഭക്തിയെക്കുറിച്ച് അദ്ദേഹം ആവർത്തിച്ച് പാടുകയുണ്ടായി.

സങ്കീ. 4:3 ദൈവഭക്തനെ തനിക്കായി വേർതിരിച്ചിരിക്കുന്നു.

സങ്കീ. 25:13 ഭക്തന്മാർക്ക് ദൈവത്തിന്റെ സഖിത്വം ഉണ്ടാകും.

സങ്കീ. 33:18 യഹോവയുടെ ദൃഷ്ടി തന്റെ ഭക്തന്മാരുടെ മേലിരിക്കുന്നു.

സങ്കീ. 34:7 ഭക്തന്മാർക്ക് ദൂതന്മാരുടെ പാളയത്തിന്റെ സംരക്ഷണമുണ്ട്.

സങ്കീ. 34:9 ഭക്തന്മാർക്ക് ഒന്നിനും മുട്ടില്ല.

സങ്കീ. 97:10 ഭക്തന്മാരെ ദുഷ്ടന്മാരുടെ കയ്യിൽനിന്ന് വിടുവിക്കും.

സങ്കീ. 103:11,13,17 ഭക്തന്മാരോടുള്ള ദൈവത്തിന്റെ ദയ വലുതാണ്.

സങ്കീ. 111:5 ഭക്തന്മാർക്ക് ആഹാരം നൽകുന്നു.

സങ്കീ. 116:15 ഭക്തന്മാരുടെ മരണം ദൈവത്തിന് വിലയേറിയതാകുന്നു.

സങ്കീ. 145:19 ഭക്തന്മാരുടെ ആഗ്രഹം സാധിപ്പിക്കും.

സദൃ. 1:7, 9:10, സങ്കീ. 111:10 ദൈവഭക്തി ജ്ഞാനത്തിന്റെ ആരംഭമാണ്.

സഭാ. 8:12 ദൈവഭക്തന്മാർക്ക് നിശ്ചയമായും നന്മ വരും.

മലാഖി 3:16 ദൈവഭക്തന്മാർ തമ്മിൽ സംസാരിക്കുന്നത് ദൈവം ശ്രദ്ധവച്ച് കേൾക്കുന്നു. ഇങ്ങനെ അനേകം വചനങ്ങൾ ദൈവഭക്തിക്കു ഊന്നൽ നൽകുവാൻ ബൈബിൾ പറയുന്നുണ്ടെങ്കിലും ഇന്നത്തെ ക്രൈസ്തവ സഭകൾ ദൈവഭക്തിക്ക് അത്രത്തോളം സ്ഥാനം നൽകുന്നില്ല എന്ന് പറയേണ്ടിയിരിക്കുന്നു.

എന്നാൽ വേദപുസ്തകം വെളിപ്പെടുത്തുന്ന ദൈവം വെറും സ്തുതിയിലും, സ്തോത്രകീർത്തനങ്ങളിലും മാത്രം തൃപ്തിപ്പെടുന്ന ഒരു ദൈവമല്ല. തന്റെ ഭക്തന്മാരുടെ തന്നോടുള്ള ഭക്തി അവരുടെ നിരന്തരമായ കർമ്മങ്ങളിലൂടെ (നീതിയും, ന്യായവും, ദയയും, ധർമ്മവും, സ്നേഹവും) വെളിപ്പെടുത്തേണ്ടതാണെന്ന് വേദപുസ്തകം പഠിപ്പിക്കുന്നു. എന്നാൽ ദൈവം മനുഷ്യനിൽ നിന്നും ദൈവഭക്തി എപ്പോഴും പ്രതീക്ഷിക്കുന്നുണ്ട്. ഭക്തന്മാർ ഇല്ലാതെ പോകുന്നുവെന്ന് ദാവീദും, ഭക്തന്മാർ കഴിഞ്ഞുപോകുന്നുവെന്ന് യെശയ്യാവും വിലപിക്കുന്നത് ഇത്തരുണത്തിൽ സ്മരണീയമാണ് (സങ്കീ. 12:1, യെശ. 57:1).

“ഞാൻ അപ്പനെങ്കിൽ എന്നോടുള്ള ബഹുമാനവും ഞാൻ യജമാനനെങ്കിൽ എന്നോടുള്ള ഭക്തിയും എവിടെ” എന്ന് ദൈവം ചോദിക്കുന്നുവെന്ന് മലാഖി ശക്തമായ ഭാഷയിൽ പ്രവചിക്കുന്നു (മലാ. 1:6). എന്നോടുള്ള ഭക്തി വെറും മന:പാഠമാക്കിയ മാനുഷകല്പനകളാണെന്ന് ദൈവം പറയുന്നതായി യെശയ്യാവും പറയുന്നുണ്ട് (യെശ. 29:13). ഇതേ വചനത്തെ കർത്താവും ശക്തമായ ഭാഷയിൽ ഉദ്ധരിച്ചുകൊണ്ട് അന്നത്തെ പരീശന്മാരെയും, ശാസ്ത്രിമാരെയും നോക്കി സംസാരിക്കുന്നുണ്ട് (മർ. 7:6). ഭക്തിയുടെ വെറും വേഷമല്ല അതിന്റെ ശക്തിയെയാണ് വെളിപ്പെടുത്തേണ്ടതെന്ന് പൗലൊസിന്റെ പക്ഷം.

ദൈവഭക്തി ഉണ്ടാകുവാനുള്ള ചില ഉപദേശങ്ങളും ബൈബിൾ നൽകുന്നുണ്ട്. ഒന്ന്, ദൈവവചനം ദൈവഭക്തിയെ വർദ്ധിപ്പിക്കുന്നു (സങ്കീ. 119:38). രണ്ട്, വ്യർത്ഥ സംസാരിക്കുന്നതിൽ നിന്നും വിട്ട് നിൽക്കുക (2തിമൊ. 2:16). മൂന്ന്, ദൈവഭക്തിക്കായി പ്രാർത്ഥിക്കുക, കാരണം ഭക്തിയെ ഹൃദയത്തിലാക്കുന്നത് ദൈവമാണ്. ആ കൃപയ്ക്കായി അപേക്ഷിക്കുക (യിരെ. 32:39,40; യെഹ. 11:19, 36:26,27).

മുൻ സൂചിപ്പിച്ചതുപോലെ ക്രിസ്തീയആത്മീയതപഠിപ്പിക്കുന്ന ദൈവഭക്തി വെറും ആചാരങ്ങളോ, സ്തുതി കീർത്തനങ്ങളോ അല്ല. പ്രായോഗികവും, ശാസ്ത്രീയവും, പരപ്രയോജനം നൽകുന്നതും, ബന്ധങ്ങൾ ഊട്ടിഉറപ്പിക്കുന്നതും, കൂട്ടിയിണക്കുന്നതുമാണ്. “യഹോവയോടുള്ള ഭക്തിയെ ഞാൻ ഉപദേശിച്ചുതരാം” എന്ന് ദാവീദ് ഒരു ആഹ്വാനം നൽകുന്നു.

സങ്കീ. 34:11-14

■ ദോഷവും, വ്യാജവും പറയാതെ അധരം കാത്തുകൊൾക അതായത്, നമ്മുടെ വാക്കുകൾ സൂക്ഷിക്കുക. അത് ആരെയും ഉപദ്രവിക്കാതെ സത്യം സംസാരിക്കുകയും ആശ്വാസം നൽകുകയും സ്നേഹം പകരുകയും ചെയ്യുന്നതായിരിക്കണം.

■ ദോഷം പ്രവർത്തിക്കാതെ ഗുണം മാത്രം ചെയ്യുക. അതായത്, നമ്മുടെ പ്രവർത്തികൾ ശരിയാക്കുക.

■ സമാധാനം അന്വേഷിച്ച് അതിനെ മാത്രം പിന്തുടരുക. സമാധാനം ഉണ്ടാക്കുന്നവരാണ് ദൈവമക്കൾ. അതുകൊണ്ട് എപ്പോഴും എല്ലായിടത്തും സമാധാനം ഉള്ളവരായിരിക്കുക. ഈ മൂന്ന് പടികളാണ് ഭക്തിയുണ്ടാകുവാനുള്ള വഴികളായി ദാവീദ് ഉപദേശിക്കുന്നത്. പ്രവർത്തിക്ക് മുൻസ്ഥാനം നൽകുന്ന യാക്കോബും ദൈവത്തിന്റെ മുമ്പാകെ ശുദ്ധവും നിർമ്മലവുമായ ഭക്തി നമ്മുടെ പ്രവർത്തികളാണെന്ന് ഉറപ്പിച്ചു പറയുന്നു (യാക്കോ. 1:27).

ഇപ്രകാരമുള്ള ഒരു ദൈവഭക്തി ഉണ്ടാകുമ്പോഴാണ് ഒരു വ്യക്തി ആത്മീയനായി തീരുന്നത്. “എന്നെ സ്നേഹിക്കുന്നവൻ എന്റെ കൽപ്പനകളെ പ്രമാണിക്കുന്നു” എന്നാണ് ഗുരു പഠിപ്പിച്ചത് (യോഹ. 14:23) തന്റെ കല്പന സ്നേഹമായിരുന്നു. മനുഷ്യസ്നേഹം. പത്രൊസിനോട് അവസാനമായി അവിടുന്ന് ചോദിച്ചു “ഇവയിൽ അധികമായി നീ എന്നെ സ്നേഹിക്കുന്നുവോ?” ഇതാണ് ഭക്തി. സ്നേഹിക്കുന്നുവെങ്കിൽ ഇടയനില്ലാതെ ചിന്നിചിതറിപ്പോയ ആടുകളെ പരിപാലിക്കുക എന്ന ആഹ്വാനമാണ് പത്രൊസിന് അവിടുന്ന് നൽകിയത്. ആ പ്രവൃത്തിയിലൂടെ തന്നോടുള്ള ഭക്തിയെ പ്രദർശിപ്പിക്കാൻ ഗുരു ഇവിടെ ആഹ്വാനം നൽകുകയാണ്. ✵

**ബൈബിൾ പഠനക്വിസ് – 82**



# എന്റെ പ്രിയൻ വെൺമയും ചുവപ്പുമുള്ളവൻ

*ഡോ. റ്റി.സി. കിഷോർ മോഹൻ*

ദൈവ വിശ്വാസത്തിലധിഷ്ഠിതമായ ഒരു വിവാഹബന്ധത്തിന്റെ പരിശുദ്ധിയെയും നിർമ്മലതയെയും തന്റെ സ്വന്തം ജീവിതത്തിലൂടെ പ്രതീകാത്മകമായി അവതരിപ്പിച്ചുകൊണ്ട് ജ്ഞാനികളിൽ ജ്ഞാനിയായ ശലോമോൻ രാജാവ് രചിച്ച ഒരു പ്രേമഗാനമാണ് ഉത്തമഗീതം. ഒരു മണവാളനും ഒരു മണവാട്ടിയും തമ്മിലുള്ള നിഷ്ക്കളങ്കമായ സ്നേഹത്തിന്റെയും അനുരാഗത്തിന്റെയും കഥ പറയുന്നതിലൂടെ സർവശക്തനായ ദൈവത്തിന് തന്റെ ജനത്തിനോടുള്ള അളവറ്റ സ്നേഹത്തെ വെളിപ്പെടുത്തുവാനാണ് ശലോമോൻ ഇവിടെ ആത്മാർത്ഥമായി ശ്രമിച്ചിരിക്കുന്നത്.

മറ്റു രണ്ടു ഗ്രന്ഥങ്ങളിൽ നിന്നും വളരെ വ്യത്യസ്തമായ ആഖ്യാനശൈലിയാണ് ഗ്രന്ഥകാരൻ ഇവിടെ സ്വീകരിച്ചിരിക്കുന്നത്. ഒരു നല്ല പ്രേമഗാനത്തിന് ഉതകുന്ന തരത്തിലുള്ള ആലങ്കാരിക പദപ്രയോഗങ്ങളും പൗരസ്ത്യ മാതൃകയിലുള്ള ബിംബപ്രതിബിംബ കല്പനകളും കാവ്യഭംഗിയ്ക്ക് അല്പം പോലും മങ്ങലേല്പിക്കാതെ വളരെ തൻമയത്തോടെ അവതരിപ്പിക്കുന്നതിൽ ശലോമോൻ അസാമാന്യമായ കഴിവാണ് ഇവിടെ പ്രകടിപ്പിച്ചിരിക്കുന്നത്. ശലോമോൻ രാജാവും ഒരു ഇടയകന്യകയും തമ്മിലുള്ള അഗാധ പ്രേമവും വിവാഹബന്ധവുമാണ് ഈ കൃതിയിലെ പ്രതിപാദ്യവിഷയം. ബിംബാത്മകഭാഷയിലൂടെ വീക്ഷിച്ചാൽ യിസ്രായേലിനെ ദൈവത്തിന്റെ പ്രതിശ്രുത വധുവായും ദൈവസഭയെ കർത്താവായ യേശുക്രിസ്തുവിന്റെ കാന്തയായും സങ്കല്പിച്ചിരിക്കുന്ന ഗ്രന്ഥമായും ഇതിനെ കരുതാം.

ഒരു ഏകാങ്കനാടകത്തിന്റെ മാതൃകയിലാണ് ഈ ഗ്രന്ഥം രചിച്ചിരിക്കുന്നത്. മിന്നിമറയുന്ന അനേകം രംഗങ്ങളിൽ നായകപരിവേഷം ശലോമോൻ രാജാവിനും നായികയായി ശൂലേംകാരിയും യെരുശലേം പുത്രിമാർ ഗായകസംഘമായും ചിത്രീകരിച്ചിരിക്കുന്നു. ഉത്തമഗീതം എന്നർത്ഥം വരുന്ന 'പാട്ടുകളുടെ പാട്ട്' എന്ന തലക്കെട്ടാണ് എബ്രായ ഗ്രീക്കുഭാഷകളിൽ ഈ ഗ്രന്ഥത്തിനു നൽകിയിരിക്കുന്നത്. ശലോമോൻ ആയിരത്തി അഞ്ച് ഗീതങ്ങളെഴുതിയെന്ന് 1 രാജാ. 4:32–ൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇതിലെ പ്രതിപാദനരീതിയുടെ പ്രത്യേകത കാരണം പഴയനിയമകാലത്ത് യെഹൂദാശാസ്ത്രിമാർ മുപ്പതുവയസ്സിനു താഴെ പ്രായമുള്ളവർക്ക് ഈ കൃതി പാരായണം ചെയ്യുവാനുള്ള അനുവാദം നിഷേധിച്ചിരുന്നു. യെഹൂദാ പാരമ്പര്യപ്രകാരം ശലോമോൻ രാജാവു തന്നെയാണ് ഈ ഗ്രന്ഥം രചിച്ചിട്ടുള്ളത്. ഗ്രന്ഥകാരനും കഥാനായകനും ഒരാൾ തന്നെയെന്നതാണ് ഈ കൃതിയുടെ പ്രത്യേകത. അസംഖ്യം ഭാര്യമാരും വെപ്പാട്ടികളും അദ്ദേഹത്തിനുണ്ടായിരുന്നതായി ഈ ഗ്രന്ഥത്തിന്റെ വിവിധ ഭാഗങ്ങളിൽ അദ്ദേഹം തന്നെ രേഖപ്പെടുത്തിയിട്ടുണ്ട് (6:8). ഇത്രയധികം സ്ത്രീകളെ അദ്ദേഹം വിവാഹം കഴിച്ചിരുന്നുവെങ്കിലും തന്റെ ഏകകാന്ത ശൂലേംകാരിയാണെന്നാണ് അദ്ദേഹം വെളിപ്പെടുത്തുന്നത്. ശലോമോന്റെ യഥാർത്ഥ സ്നേഹം ശൂലേംകാരിയോടായിരുന്നുവെന്നും മറ്റുള്ളവ രാഷ്ട്രീയ ലാഭത്തിനുവേണ്ടി ഒരുക്കിയ കരുനീക്കങ്ങളായിരിക്കാം എന്നും ചില വേദശാസ്ത്രപണ്ഡിതൻമാർ അഭിപ്രായപ്പെടുന്നുണ്ട്. എന്തായാലും ദൈവത്തിൽ നിന്നകന്ന് വിഗ്രഹാരാധനയിൽ മുഴുകി മ്ലേച്ഛമായ ജീവിതം നയിക്കുന്നതിനു മുമ്പായിരിക്കണം ശലോമോൻ ഈ ഗ്രന്ഥം രചിച്ചിട്ടുള്ളത്. "ശലോമോൻ വയോധികനായപ്പോൾ ഭാര്യമാർ അവന്റെ ഹൃദയത്തെ അന്യദേവൻമാരിലേക്കു വശീകരിച്ചു. അവന്റെ ഹൃദയം അവന്റെ അപ്പനായ ദാവീദിന്റെ ഹൃദയം പോലെ തന്റെ ദൈവമായ യഹോവയിങ്കൽ ഏകാഗ്രമായിരുന്നില്ല." എന്ന് 1 രാജാ. 11:4 ൽ രേഖപ്പെടുത്തിയിരിക്കുന്നു.

പഴയനിയമത്തിൽ യിസ്രായേൽ ജനതയെ ദൈവത്തിന്റെ കാന്തയായി വിശേഷിപ്പിച്ചിരിക്കുന്നുവെങ്കിൽ പുതിയനിയമത്തിൽ സഭയെ ക്രിസ്തുവിന്റെ മണവാട്ടിയായ് ചിത്രീകരിച്ചിരിക്കുന്നു (2കൊരി. 11:2, എഫെ. 5:23–25 വെളി. 19:7–9, 21:9). ഈ രണ്ടു കാര്യങ്ങളെക്കുറിച്ചുമുള്ള പ്രത്യക്ഷമായോ പരോക്ഷമായോ ഉള്ള പരാമർശം ഈ ഗ്രന്ഥത്തിൽ കാണാവുന്നതാണ്.

വിവാഹബന്ധം പവിത്രമാണെന്നും അതിന്റെ പരിശുദ്ധിയെ കാത്തു സൂക്ഷിക്കേണ്ടത് ഓരോ വിശ്വാസിയുടെയും കടമയാണെന്നും ഈ ഗ്രന്ഥം നമ്മെ ഓർമ്മിപ്പിക്കുന്നു. വിവാഹജീവിതത്തിൽ ഭാര്യാഭർതൃബന്ധം പോലെയാണ് സഭയും ക്രിസ്തുവും തമ്മിൽ. "ഞാൻ എന്റെ പ്രിയനുള്ളവൾ, അവന്റെ ആഗ്രഹം എന്നോടാകുന്നു (7:11). ഏറിയ വെള്ളങ്ങൾ പ്രേമത്തെ കെടുത്തുവാൻ പോരാ. നദികൾ അതിനെ മുക്കിക്കളയുകയില്ല. ഒരുത്തൻ തന്റെ ഗൃഹത്തിലുള്ള സർവ സമ്പത്തും പ്രേമത്തിനു വേണ്ടി കൊടുത്താലും അവനെ നിന്ദിച്ചു കളയും (8:7).

ഉത്തമഗീതത്തിലെ ഒന്നു മുതൽ എട്ടു വരെയുള്ള അദ്ധ്യായങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന കാര്യങ്ങളെ ആസ്പദമാക്കിയാണ് ഈ ലക്കത്തിലെ ക്വിസ് തയ്യാറാക്കിയിരിക്കുന്നത്. ഓരോ വാക്യവും ശ്രദ്ധാപൂർവ്വം വായിച്ച് താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം കണ്ടുപിടിച്ചെഴുതുക.

### ചോദ്യങ്ങൾ

1. താൻ കറുത്തവളാണെന്ന് ശൂലേംകാരി (മണവാട്ടി) പറയുന്നത് ആരോട്?
2. ഫറവോന്റെ രഥത്തിൽ കെട്ടുന്ന പെൺകുതിരയോടു ഉപമിച്ചിരിക്കുന്നത് ആരെയാണ്?
3. ആരാണ് മുന്തിരിത്തോട്ടത്തിലെ മൈലാഞ്ചി പോലെയിരിക്കുന്നത്?
4. ഏത് മുന്തിരിത്തോട്ടത്തിലെ മൈലാഞ്ചിയോടാണ് പ്രിയനെ ഉപമിച്ചിരിക്കുന്നത്?
5. പ്രിയയുടെ കണ്ണിനെ ഉപമിച്ചിരിക്കുന്നത് ഏതിനോട്?
6. ശൂലേംകാരിയുടെ വീടിന്റെ ഏതു ഭാഗമാണ് ദേവദാരുകൊണ്ട് പണിതിരിക്കുന്നത്?
7. വീടിന്റെ കഴുക്കോൽ നിർമ്മിച്ചിരിക്കുന്ന വൃക്ഷമേത്?
8. ശാരോനിലെ പനിനീർ പുഷ്പം?
9. ആരാണ് മുള്ളുകളുടെ ഇടയിൽ താമരപ്പൂപോലെയിരിക്കുന്നത്?
10. കാട്ടുമരങ്ങളുടെ ഇടയിൽ നാരകം പോലെ എന്ന് ആരെയാണ് വിശേഷിപ്പിച്ചിരിക്കുന്നത്?
11. പൂത്തു സുഗന്ധം വീശുന്നത് എന്ത്?
12. പാറയുടെ പിളർപ്പിലും കടുന്തൂക്കിന്റെ മറവിലും ഇരിക്കുന്ന പക്ഷി?
13. "എന്റെ പ്രാണപ്രിയനെ കണ്ടുവോ" എന്നവൾ ആരോടാണ് തിരക്കിയത്?
14. ശലോമോന്റെ പല്ലക്കിനു ചുറ്റും നിൽക്കുന്ന വീരൻമാർ എത്ര?
15. പല്ലക്കിന്റെ മേക്കട്ടിക്കാൽ നിർമ്മിച്ചിരിക്കുന്ന വസ്തു ഏത്?
16. പല്ലക്കിന്റെ ഏതു ഭാഗമാണ് രക്താംബരം കൊണ്ടു പണിതിരിക്കുന്നത്?
17. എന്തിനെയാകുന്നു ഗിലെയാദ് മലഞ്ചരിവിടെ കോലാട്ടുകൂട്ടത്തോടുപമിച്ചിരിക്കുന്നത്?
18. രോമം കത്രിച്ചിട്ട് കുളിച്ചു കയറി വരുന്ന ആടുകളെപ്പോലെ ഇരിക്കുന്നത് എന്ത്?
19. നീർത്തോടുകളുടെ അരികത്തുള്ള പ്രാവുകൾക്കു തുല്യമായത്?
20. "നദികൾ അതിനെ മുക്കിക്കളയുകയില്ല". ഏതിനെ?

### ഉത്തരങ്ങൾ

1. ദാവീദ് (1:1), 2. യെരുശലേം (1:1), 3. സമുദ്രത്തിൽ (1:7), 4. ദു:ഖം (1:18) 5. ഇരുവർ (4:9), 6. പരിജ്ഞാനമില്ലായ്കയാൽ (5:1), 7. സ്വപ്നം (5:3), 8. കൃഷി തല്പരനായ രാജാവ് (5:9), 9. നല്ലപേർ (7:1), 10.കണ്ണിന്റെ നോട്ടം (6:9), 11. കോഴ (7:7), 12. രാജകല്പന (8:4), 13. നായ് (9:4), 14.ചത്ത ഈച്ച (10:1), 15. ജ്ഞാനം (9:16), 16. മതിൽ പൊളിക്കുന്നവനെ (10:8), 17. മടിവു കൊണ്ട് (10:18), 18. വീഞ്ഞ് (10:19), 19. ഭൂമിയിൽ പെയ്യും (11:3), 20. സൃഷ്ടാവിനെ (12:1)

### *ശരിയുത്തരം അയച്ചവർ*

**ചിന്നമ്മ ചെറിയാൻ**, തത്തമംഗലം, പാലക്കാട്; **കുഞ്ഞമ്മ ഡാനിയേൽ**, വാളകം, കൊട്ടാരക്കര; **ജ്യോതി എസ്.എൽ**, മലയം, തിരുവനന്തപുരം; **ഭായി ജോർജ്ജ്**, ശ്രീകാര്യം, തിരുവനന്തപുരം; **പി. ഗ്രെയ്സ് സുമംഗല**, വൈ. എം.സി.എ. റോഡ്, കോഴിക്കോട്; **ഹൃദ്യാ സുരേഷ്**, പരശുവയ്ക്കൽ, തിരുവനന്തപുരം; **വി. ഗ്രെയ്സ് അമ്മാൾ**, ആറാമട, തിരുവനന്തപുരം

## ഗ്രെയ്സ് ചിൽഡ്രൻസ് ക്ലബ്ബ് ആരംഭിച്ചു



മദ്ധ്യപ്രദേശിലെ ഡിൻഡോരി ജില്ലയിലെ ടിക്കിരി പിപ്പിരി ഗ്രാമം കേന്ദ്രമാക്കിയാണ് അരവിന്ദ് കുമാർ പ്രവർത്തിക്കുന്നത്. ഇവിടെ ഒരു ഗ്രെയ്സ് ചിൽഡ്രൻസ് ക്ലബ്ബ് ആരംഭിക്കുവാൻ ഇടയായി. 19 കുട്ടികൾ സ്ഥിരമായി പങ്കെടുക്കുന്നു. കുട്ടികളിലൂടെ അവരുടെ രക്ഷകർത്താക്കളും ദൈവജ്ഞാനത്തിലേക്ക് എത്തുവാൻ ഇടയാകട്ടെ.

## ഉദരഫലം ദൈവത്തിന്റെ ദാനം



ഉത്തർപ്രദേശിലെ ബാന്ദ ജില്ലയിലെ സർസ്വാ ഗ്രാമത്തിൽ താമസിക്കുന്ന ബ്രജവിലാസ് വർമ്മയുടെ വിവാഹം കഴിഞ്ഞിട്ട് 15 വർഷം ആയിട്ടും കുഞ്ഞുങ്ങളില്ലാതെ ഭാരപ്പെട്ടിരുന്നു. വർമ്മയും, ഭാര്യയും ഇവിടത്തെ ജി.എം.ഐ. മിഷണറി രാംവിഷാൽ ഫിലിപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് കേട്ടിട്ട് അദ്ദേഹത്തെ സന്ദർശിച്ച് പ്രാർത്ഥന അപേക്ഷിച്ചു. ഫിലിപ്പ് ആ ദമ്പതികൾക്കായി പ്രാർത്ഥിക്കുകയും ദൈവത്തിന്റെ കൃപയാൽ അവർക്ക് ഒരു കുഞ്ഞിനെ ലഭിക്കുകയും ചെയ്തു. ഇപ്പോൾ കുടുംബമായി അവർ ഇവിടത്തെ ആരാധനയിൽ പങ്കെടുത്തുവരുന്നു.

ക്രൈസ്തവസഭയുടെ ചരിത്രം - ഭാഗം 66

# പെന്തെക്കോസ്തു പ്രസ്ഥാനത്തിന്റെ തുടക്കം

*എൻ. ജസ്റ്റിൻരാജ്*

അമേരിക്കയിലെ ക്യാൻസാസ് നഗരത്തിലെ 'റ്റോപ്പെക്ക' എന്ന സ്ഥലത്ത് ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലാണ് പെന്തക്കോസ്തു പ്രസ്ഥാനം രൂപം കൊള്ളുവാനിടായത്. ഇവിടെ മെഥഡിസ്റ്റ് പാസ്റ്ററായിരുന്ന ചാൾസ് എഫ്. പർഹാം ഒരു ബൈബിൾ കോളേജ് 1900-യിരാമാണ്ട് ആരംഭിച്ചു. ഈ ബെഥേൽ ബൈബിൾ കോളേജിൽ മാനസാന്തരം, സ്നാനം, വേർപാട്, വിശുദ്ധീകരണം, രോഗശാന്തി തുടങ്ങിയ വിഷയങ്ങൾ പഠിപ്പിച്ചനന്തരം അപ്പൊസ്തലപ്രവൃത്തി 2-ാം അദ്ധ്യായത്തിലെ പരിശുദ്ധാത്മാഭിഷേകം എന്ന വിഷയം ആരംഭിച്ചു. ഈ വിഷയത്തെക്കുറിച്ച് ആഴമായ അറിവ് പർഹാമിന് ഇല്ലാതിരുന്നതിനാൽ അതിനെക്കുറിച്ചുള്ള തിരുവചന അടയാളം എന്തെന്ന് കൂടുതൽ പഠിക്കുന്നതിനായി ബൈബിൾ സ്കൂളിലെ തന്നെ വിദ്യാർത്ഥികളോട് അദ്ദേഹം നിർദ്ദേശിച്ചു. ചില ദിവസങ്ങൾക്കുശേഷം ഡിസംബർ 31-ാം തീയതി വിദ്യാർത്ഥികളെല്ലാവരും പറഞ്ഞ മറുപടി ഒന്നായിരുന്നു. പെന്തക്കോസ്ത് അനുഭവം വെളിപ്പെട്ട സന്ദർഭങ്ങളിൽ വിവിധ അടയാളങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും എല്ലാ അവസരങ്ങളിലും ഒരുപോലെ വെളിപ്പെട്ടത് അന്യഭാഷാഭാഷണം ആയിരുന്നു എന്നാണ്.

1901 ജനുവരി 1-ാം തീയതി അവിടെ പഠനം നടത്തുന്ന ആഗ്നസ് എന്ന യുവതി പർഹാമിന്റെ അടുത്ത് ചെന്ന് പരിശുദ്ധാത്മാഭിഷേകം ലഭിക്കുന്നതിനായി തനിക്കു വേണ്ടി തലയിൽ കൈവച്ച് പ്രാർത്ഥിക്കണമെന്ന് അപേക്ഷിച്ചു. എന്നാൽ പരിശുദ്ധാത്മാഭിഷേകം പ്രാപിച്ചിട്ടില്ലാത്തതിനാൽ പർഹാമിന് അത്ര താല്പര്യം തോന്നിയില്ല. എങ്കിലും അവളുടെ നിർബന്ധത്തിനു വഴങ്ങി അവളുടെ തലയിൽ കൈവച്ച് പ്രാർത്ഥിച്ചപ്പോൾ തന്നെ ഒരു അത്ഭുതപ്രകാശത്താൽ അവൾ പൊതിയപ്പെടുകയും അഭിഷേകത്താൽ നിറഞ്ഞ് അന്യഭാഷയിൽ സംസാരിക്കുവാനും തുടങ്ങി.

ആഗ്നസ് എൻ ഓസ്മാൻ എന്ന യുവതിക്ക് 1901 ജനുവരി 1-ാം തീയതി ഉണ്ടായ അന്യഭാഷാനുഭവമാണ് പെന്തക്കോസ്ത് പ്രസ്ഥാനത്തിന്റെ ആരംഭത്തിനിടയായത്. ഈ അനുഭവം ഉണ്ടായനന്തരം ചില ദിവസങ്ങളിൽ സ്വന്തം ഭാഷ ആയിരുന്ന ഇംഗ്ലീഷ് സംസാരിക്കുവാൻ അവൾക്കായില്ല. അതിനാൽ അവൾ എഴുതിക്കാണിച്ചത് ചൈനീസ് ഭാഷയായിരുന്നു. അവൾ സംസാരിച്ചതും ചൈനീസ് ഭാഷയായിരുന്നു. അടുത്ത ദിവസം ബോഹീമിയൻ ഭാഷയായിരുന്നു സംസാരിച്ചത്. പെന്തക്കോസ്റ്റലിസം അന്യഭാഷ, പ്രവചനം, വെളിപ്പാട്, രോഗശാന്തി തുടങ്ങിയ പരിശുദ്ധാത്മ കൃപാവരങ്ങളിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നു. പർഹാമിന്റെ ബൈബിൾ കോളേജിൽ ആരംഭിച്ച ഉണർവ്വിന് 1906 ഏപ്രിൽ 14-ാം തീയതിയാണ് 'പെന്തക്കോസ്റ്റലിസം' (Pentecostalism) എന്ന പേരു ലഭിച്ചത്.

**ആദ്യത്തെ പെന്തക്കോസ്തു സഭ**

പാർഹാമിന്റെ ബൈബിൾ കോളേജിൽ വിദ്യാർത്ഥിയായിരുന്ന കറുത്തവർഗ്ഗക്കാരനായിരുന്ന വില്യം ജെ. സെയ്മോർ എന്ന പാസ്റ്ററിലൂടെ 'റ്റോപ്പെക്ക' യിലെ ഉണർവ്വ് 1906-ൽ ലോസ് ആഞ്ചൽസിലേക്ക് വ്യാപിച്ചു. അവിടെ അസൂസാ സ്ട്രീറ്റിൽ ആദ്യത്തെ പെന്തക്കോസ്തു സഭ പാസ്റ്റർ വില്യം ജെ. സെയ്മോറിന്റെ നേതൃത്വത്തിൽ രൂപം കൊള്ളുകയുണ്ടായി.

1870 മെയ് രണ്ടാം തീയതി അമേരിക്കയിലെ ലൂസിയായയിൽ ഒരു നീഗ്രോ വംശജനായ അടിമയുടെ മകനായി സെയ്മോർ ജനിച്ചു. 1895-ൽ ഇൻഡ്യാന പൊലീസിലേക്ക് താമസം മാറി. അവിടെ കറുത്തവർഗ്ഗക്കാരുടെ മെഥഡിസ്റ്റ് ചർച്ചിൽ അംഗമാവുകയും ഒരു ഹോട്ടലിൽ വെയിറ്ററായി ജോലി നോക്കുകയും ചെയ്തു. 1903-ൽ ഹൂസ്റ്റണിൽ സഭാശുശ്രൂഷകനാവുകയും ഈ സമയത്ത് പർഹാമിന്റെ ബൈബിൾ കോളേജിൽ ചേരുകയും ചെയ്തു. പക്ഷേ 1906-ൽ ഒരു സുവിശേഷയോഗത്തിൽ സെയ്മോറിന്റെ ശുശ്രൂഷകളിൽ കണ്ട 'പരിശുദ്ധാത്മ പ്രദർശനത്തോട് പർഹാമിന് യോജിക്കുവാൻ കഴിഞ്ഞില്ല. അങ്ങനെ പർഹാമും സെയ്മോറും തമ്മിൽ അവിടെ വച്ച് പിരിയുവാനിടയായി. എന്നാൽ അമേരിക്കയിൽ കറുത്തവർഗ്ഗക്കാരുടെ ഇടയിൽ ഒരു ശക്തമായ ഉണർവ്വിനായി സെയ്മോറിനെ ദൈവം ഉപയോഗിച്ചു. പസഫിക്ക് അപ്പൊസ്തലിക്ക് ഫെയ്ത്ത് എന്ന സഭയുടെ ബിഷപ്പായി 1915-ൽ അദ്ദേഹം സ്വയം അവരോധിക്കപ്പെട്ടു. 1922 സെപ്തംബർ 28-ാം തീയതി സെയ്മോർ ഇഹലോകവാസം വെടിഞ്ഞു. അദ്ദേഹത്തിന്റെ ഭാര്യ ജെന്നി തുടർന്ന് സഭാ നേതൃത്വം ഏറ്റെടുത്തെങ്കിലും കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിട്ടതിനാൽ സഭയുടെ സ്ഥാപനങ്ങളെല്ലാം നാമാവിശേഷമായി.

**ഓറിയന്റൽ മിഷണറി സൊസൈറ്റിയുടെ സ്ഥാപകനായ ചാൾസ് കൗമാൻ**

ഡേവിഡ്-മേരി ദമ്പതികളുടെ മകനായി ചാൾസ് കൗമാൻ അമേരിക്കയിൽ ജനിച്ചു. ജനിച്ചപ്പോൾ ജീവന്റെ ഒരു തുടിപ്പും കാണാത്തതിനാൽ ഒരു മൃതശരീരമായി കരുതി മാറ്റിയിട്ടെങ്കിലും എല്ലാവരേയും അത്ഭുതപ്പെടുത്തിക്കൊണ്ട് ആ ശിശു ജീവിച്ചു. വളർന്നു വലുതായ അവന് 18-ാംമത്തെ വയസ്സിൽ ചിക്കാഗോയിൽ ജോലി ലഭിച്ചു. 21-ാം വയസ്സിൽ ലെറ്റി എന്ന യുവതിയുമായി വിവാഹം. യേശുക്രിസ്തുവിനെ രക്ഷകനായി സ്വീകരിച്ച അവർ യേശുവിനായി ജീവിതം സമർപ്പിച്ചു. പിന്നീട് പിന്മാറ്റത്തിലേക്കു പോയെങ്കിലും ഒരു ഉണർവ്വ് യോഗത്തിൽ പങ്കെടുത്തത് മടങ്ങിവരുന്നതിന് ഇടയായി തീർന്നു.

തന്റെ ഓഫീസ് പ്രവർത്തനത്തിടയിൽ സഹപ്രവർത്തകരോട് സുവിശേഷം പറയുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. എഴുപതുപേർ ആറുമാസത്തിനിടയിൽ ക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കുവാനിടയായി. 1901 ഫെബ്രുവരി 21-ാം തീയതി ജോലി രാജി വച്ച് പൂർണ്ണമായ സുവിശേഷപ്രവർത്തനത്തിനായി കൗമാൻ-ലെറ്റി ദമ്പതികൾ ജപ്പാനിലേക്ക് പൊയി. "എന്നേക്കാൾ ഉത്തമൻമാരും ശ്രേഷ്ഠൻമാരുമായ അനേകർ ഉള്ളപ്പോൾ ശൂന്യസ്ഥലങ്ങളെ പണിയുന്നതിന് ബലഹീനനായ എന്നെ ദൈവം എന്തിനാണ് തെരഞ്ഞെടുത്തതെന്ന് എനിക്കറിഞ്ഞുകൂടാ. പക്ഷേ, ഒന്നു ഞാൻ ചെയ്യുന്നു. താഴ്മയോടും സമർപ്പണത്തോടും അനുസരണത്തോടും കൂടെ ദൈവകല്പനയെ ഞാൻ അംഗീകരിക്കുന്നു. ശത്രുക്കളോ സുഹൃത്തുക്കളോ ആരും തന്നെ എനിക്കെതിരായി എന്തുപറഞ്ഞാലും ഞാൻ പതറുകയില്ല." തന്റെ സുവിശേഷീകരണ ദൗത്യത്തെക്കുറിച്ച് കൗമാൻ എഴുതി.

ഇരുപത്തിയഞ്ച് വർഷം ജപ്പാനിൽ അവർ ക്രിസ്തുവിന്റെ വിശ്വസ്തസാക്ഷികളായി പ്രവർത്തിച്ചു. ഇരുപതുവർഷങ്ങൾക്കിടയിൽ ജപ്പാനിൽ 160 സ്ഥലങ്ങളിൽ മിഷൻ കേന്ദ്രങ്ങൾ ആരംഭിച്ചു. അവിടെ നിന്നും കൊറിയായിലേക്കും സുവിശേഷപ്രവർത്തനം വ്യാപിപ്പിക്കുകയും ഷിയോളിൽ ഒരു മിഷണറികേന്ദ്രവും ബൈബിൾ കോളേജും ആരംഭിച്ചു. അവിടെ നിന്നും സുവിശേഷ പരിശീലനം ലഭിച്ച യുവതീയുവാക്കൾ കൊറിയായുടെ വിവിധ ഭാഗങ്ങളിൽ സുവിശേഷം അറിയിച്ചു. 57 ആരാധനാലയങ്ങൾ കൊറിയയിൽ സ്ഥാപിച്ചു.

"ജപ്പാനിലെ സകലആളുകളും സുവിശേഷം കേട്ടിട്ടുണ്ടോ? ഇല്ലെങ്കിൽ അത് എന്തുകൊണ്ട്?" ആരോ ചോദിക്കുന്നതുപോലെ തോന്നി. ആ ചോദ്യം അദ്ദേഹത്തെ അസ്വസ്ഥനാക്കി. 80% മാനത്തോളം ആളുകൾ ജപ്പാനിൽ ഇനിയും സുവിശേഷം കേട്ടിട്ടില്ല. അത് തന്റെ കുറ്റം കൊണ്ടാണെന്ന് കൗമാൻ സ്വയം സമ്മതിച്ചു. മണിക്കൂറുകൾ കണ്ണുനീരോടെ ദൈവസന്നിധിയിൽ മുട്ടിന്മേൽ നിന്ന അദ്ദേഹം എഴുന്നേറ്റത് ജപ്പാന്റെ സുവിശേഷീകരണത്തെക്കുറിച്ചുള്ള വലിയൊരു പദ്ധതിയുമായാണ്. ജപ്പാനിലെ ഓരോ വീട്ടിലും ഒരു സുവിശേഷപ്രതി എത്തിക്കണമെങ്കിൽ 5 ലക്ഷം രൂപയുടെ സുവിശേഷപ്രതികൾ വേണം. 50 മിഷണറിമാരും 250 സുവിശേഷകന്മാരും വേണം. യുദ്ധഭീഷണി നേരിട്ടുകൊണ്ടിരുന്ന ജപ്പാനെ സംബന്ധിച്ചിടത്തോളം ഈ സമയം സുപ്രധാനമാണ്.

വെറും അഞ്ചു ഡോളർ മാത്രമേ തന്റെ കൈവശം അപ്പോഴുണ്ടായിരുന്നുവെങ്കിലും സർവ്വസമ്പന്നനായ ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് കൗമാൻ വീടുകളിൽ സുവിശേഷം എത്തിക്കുക എന്ന ദൗത്യം ആരംഭിച്ചു. അദ്ദേഹത്തെ പലരും പരിഹസിച്ചുവെങ്കിലും, തന്റെ വിശ്വാസത്തെ ദൈവം മാനിച്ചു. ടോക്കിയോയിൽ നിന്നും താൻ തുടങ്ങി നാലുമാസം കൊണ്ട് തൊള്ളായിരം അക്രൈസ്തവർ ജീവനുള്ള ദൈവത്തിങ്കലേക്കു വരുവാൻ ഇടയായി. പ്രതിസന്ധികൾ നേരിട്ടപ്പോൾ പ്രാർത്ഥനയുടെ ശക്തിയാൽ ജയം നേടി. ഒരവസരത്തിൽ സാമ്പത്തിക ബുദ്ധിമുട്ടനുഭവിച്ചപ്പോൾ ഒരു രാത്രി മുഴുവൻ കൗമാൻ മുട്ടിന്മേൽ നിന്നു. തന്റെ സഹപ്രവർത്തകരും പ്രാർത്ഥിച്ചു. പിറ്റേദിവസം രാവിലെ എണ്ണായിരം ഡോളർ മണി ഓർഡറായി ലഭിച്ചു. ദൈവത്തിന്റെ വിശ്വസ്തതയെ ഓർത്ത് അവർ ദൈവത്തെ സ്തുതിച്ചു. ഒരു ദിവസം ശരാശരി ഇരുപതിനായിരം ഭവനങ്ങൾ സന്ദർശിച്ച് അവർ സുവിശേഷപ്രതികൾ വിതരണം ചെയ്തു. ജപ്പാനിലെ ഒരു കോടി മൂന്നു ലക്ഷത്തി ഇരുപതിനായിരം ഭവനങ്ങളിൽ സുവിശേഷം എത്തിക്കുവാൻ 1918-ൽ കൗമാനും കൂട്ടർക്കും സാധിച്ചു.

ഇടയ്ക്ക് അമേരിക്ക, ഇംഗ്ലണ്ട് തുടങ്ങിയ രാജ്യങ്ങളിലും അദ്ദേഹം സുവിശേഷപര്യടനം നടത്തി. ചൈനയ്ക്കു വേണ്ടിയും അദ്ദേഹം വളരെ ഭാരപ്പെട്ടു. ചൈനയിൽ നിന്നും അനേകം യുവതീയുവാക്കൾ ജപ്പാനിൽ കൗമാന്റെ ബൈബിൾ കോളേജിൽ പഠിക്കുകയുണ്ടായി. രോഗിയും ക്ഷീണിതനുമായി അമേരിക്കയിലേക്കു പോയ കൗമാൻ അവിടെ വിശ്രമിക്കുവാൻ നിർബന്ധിതനായെങ്കിലും അദ്ദേഹത്തിന്റെ ഹൃദയം ജപ്പാനും ചൈനക്കും വേണ്ടി തുടിച്ചുകൊണ്ടിരുന്നു. ചാൾസ് കൗമാന്റെ മരണാനന്തരം ചൈനയിൽ നിന്നും കൗമാന്റെ ബൈബിൾ കോളേജിൽ പഠിച്ചുകൊണ്ടിരുന്ന വിദ്യാർത്ഥികൾ ചാൾസ് കൗമാൻ മെമ്മോറിയൽ ബൈബിൾ ട്രെയിനിംഗ് സ്കൂൾ ചൈനയിൽ സ്ഥാപിക്കുകയും ചൈനയുടെ സുവിശേഷീകരണത്തിന് നേതൃത്വം നല്കുകയും ചെയ്തു. "സാത്താൻ വിശ്രമം ഇല്ലാതെ അവന്റെ പ്രവൃത്തി ചെയ്യുമ്പോൾ നമുക്ക് എങ്ങനെ വിശ്രമിക്കുവാൻ കഴിയും?" കൗമാൻ ചോദിക്കുകയുണ്ടായി.

ജപ്പാനിലും, ചൈനയിലും സുവിശേഷം അറിയിക്കേണ്ട സ്ഥലങ്ങളുടെ പടം വരച്ച് അതിനടിയിൽ ചാൾസ് കൗമാൻ ഇപ്രകാരം എഴുതി: "ദൈവം ഇല്ലാത്തവരും പ്രത്യാശ ഇല്ലാത്തവരുമായ നാൽപ്പത്തിയഞ്ചു കോടി ജനങ്ങളുടെ ഉത്തരവാദിത്തം എനിക്കുണ്ട്." 'ലോകം എങ്ങും സുവിശേഷം അറിയിക്കുന്നതിനുള്ള ഉത്തരവാദിത്തം നമ്മുടെ തലമുറക്കാണ്'. ജപ്പാൻ, ഇൻഡ്യ, ചൈന, കൊറിയ തുടങ്ങിയ രാജ്യങ്ങളിലെ മിഷണറി പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് 1901-ൽ 'ഓറിയന്റൽ മിഷനറി സൊസൈറ്റി'ക്ക് ചാൾസ് കൗമാൻ രൂപം നല്കി. ദൈവം ശക്തമായി ഈ കാലഘട്ടത്തിൽ ഉപയോഗിച്ച മിഷണറി വീരനായിരുന്നു ചാൾസ് കൗമാൻ. 'ദിവസവും വൈകുന്നേരം ദൈവദൂതന്മാർ എന്റെ കണക്കുപുസ്തകം പരിശോധിക്കുമ്പോൾ എനിക്കു ലജ്ജിക്കുവാൻ ഇടവരരുത്' അദ്ദേഹം പറയുമായിരുന്നു. ജപ്പാനിലും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും അനേകർ യേശുവിനെ കണ്ടെത്തുന്നതിനും യേശുവിന്റെ സാക്ഷ്യം വഹിക്കുന്നവരായിമാറുന്നതിനും ദൈവം അദ്ദേഹത്തെ ശക്തമായി ഉപയോഗിച്ചു.

**(തുടരും)**



രാജൻ ജെ. ആഷെർ

# കഷ്ടതയിൽ പതറാത്ത കീർത്തനതാളം

നമുക്കു സാധാരണ ചിന്തിക്കാൻ പോലും ഇഷ്ടമില്ലാത്ത വിഷയമാണു കഷ്ടത. എങ്കിലും അത് ഒരു യാഥാർത്ഥ്യമായി നിലനില്ക്കുന്നു. കഷ്ടതയുടെ തീഷ്ണതയിൽ പുളഞ്ഞ ഇയ്യോബിനെ ആശ്വസിപ്പിക്കാൻ വന്ന സുഹൃത്തു കണ്ടെത്തുന്നത് ഒരു സനാതന സത്യമാണ്. “മനുഷ്യൻ കഷ്ടതയ്ക്കായി ജനിച്ചിരിക്കുന്നു” (ഇയ്യോബ് 5:7). ഇയ്യോബിനും ആ ബോദ്ധ്യമുണ്ട്: “സ്ത്രീ പ്രസവിച്ച മനുഷ്യൻ കഷ്ടസമ്പൂർണ്ണൻ ആകുന്നു” (ഇയ്യോബ് 14:1). ജ്ഞാനപടുവായ ശലോമോൻ അത് സ്ഥിരീകരിക്കുന്നതിങ്ങനെ: “മനുഷ്യന്റെ നാളുകൾ ഒക്കെയും ദുഃഖകരവും അവന്റെ കഷ്ടപ്പാടുകൾ വ്യസനകരവുമാണ്”. (സഭാ. 2:23)

കഷ്ടത ഏതോ ശാപഫലമാണെന്നും മുജ്ജന്മ ശാപമേതോ പിന്തുടരുന്നതുകൊണ്ടാണു ചിലർ നിരന്തരം കഷ്ടതകൾക്കു വിധേയരാകുന്നതെന്നുമുള്ള പുത്തൻ പ്രചരണങ്ങൾക്കു വിരുദ്ധമാണു ബൈബിൾ നിലപാട്. കഷ്ടത മനുഷ്യന്റെ സന്തത സഹചാരി ആയത് ആദി പാപത്തെത്തുടർന്നാണ് എന്നതു നേര്. ദുഷ്ടന്റെ അധീനതയിൽക്കിടക്കുന്ന ഈ ലോകത്തിൽ, വീണ്ടെടുക്കപ്പെടാത്ത ശരീരത്തിൽ വസിക്കുന്നിടത്തോളം മനുഷ്യനു കഷ്ടത നിരന്തരം അനുഭവിക്കേണ്ടതുണ്ട് എന്നു തിരുവെഴുത്തുകൾ സാക്ഷ്യപ്പെടുത്തുന്നു.

### ക്രിസ്തുവിന്റെ മാതൃക

കഷ്ടത ക്രിസ്ത്യാനിയുടെ ആയുധമാണ് എന്നു കഷ്ടപ്പെടുന്ന ക്രിസ്ത്യാനികളെ പ്രബോധിപ്പിക്കുന്ന പത്രൊസ് എഴുതുന്നു കഷ്ടം സഹിച്ചാൽ അതു ദൈവത്തിനു പ്രസാദം. അതിനായിട്ടാണു നിങ്ങളെ വിളിച്ചിരിക്കുന്നത്. ക്രിസ്തുവും നിങ്ങൾക്കു വേണ്ടി കഷ്ടം അനുഭവിച്ചു. നിങ്ങൾ അവിടുത്തെ കാൽച്ചുവടു പിൻതുടരുവാൻ ഒരു മാതൃക വെച്ചേച്ചു പോയിരിക്കുന്നു. ക്രിസ്തു ജഡത്തിൽ കഷ്ടം അനുഭവിച്ചതുകൊണ്ടു നിങ്ങളും ആ ഭാവം തന്നെ ആയുധമായി ധരിക്കണം. (1 പത്രൊ. 2:20–21; 4:1). നീതിമാന്റെ അനർത്ഥങ്ങൾ സംഖ്യാതീതമാണ്. പക്ഷെ, അവയിൽ നിന്നെല്ലാം ദൈവം അയാളെ വിടുവിക്കുന്നു (സങ്കീ. 34:19) എന്ന ദാവീദിന്റെ വാക്കുകൾ പത്രൊസിന്റെ മനസിൽ തെളിഞ്ഞിരുന്നു കാണും.

‘യേശു ക്രിസ്തുവിൽ ഭക്തിയോടെ ജീവിക്കാൻ മനസുള്ളവർക്ക് എല്ലാം ഉപദ്രവം ഉണ്ടാകും’. എന്ന പരമസത്യത്തിനു ജീവിതം കൊണ്ടു കൈയ്യൊപ്പിട്ട പൗലൊസ് പുത്രതുല്യം സ്നേഹിച്ച തിമൊഥെയോസിനെ ആഹ്വാനം ചെയ്യുന്നു: “നീയും എന്നോടുകൂടെ കഷ്ടം സഹിക്കുക.” (2 തിമൊ. 3:12, 1:9, 2:3). അദ്ദേഹം നമുക്കു നല്കുന്ന ആഹ്വാനം: നാം അനേകം കഷ്ടങ്ങളിൽ കൂടെ ദൈവരാജ്യത്തിൽ കടക്കേണ്ടതാണ്. (അപ്പൊ. 14:22)

### കഷ്ടതയുടെ പടവുകൾ ഇറങ്ങിയവർ, കയറിയവർ

ദൈവീക അനുഗ്രഹം ഭൗതിക നന്മയും സമൃദ്ധിയും മാത്രമാണു പ്രകടമാക്കുന്നതെന്നു പ്രഘോഷിക്കുന്ന വിരുതന്മാരെല്ലാം ഉദാഹരണങ്ങൾക്കു പരതുന്നതു പഴയനിയമ ഏടുകളിലാണ്. രാജ്യങ്ങളെ അടക്കിയവർ, നീതിനടത്തിയവർ, വാഗ്ദത്തം പ്രാപിച്ചവർ, സിംഹങ്ങളുടെ വായ് അടച്ചവർ, തീയുടെ ബലം കെടുത്തിയവർ, വാളിന്റെ വായ്ക്കു തെറ്റിയവർ, ബലഹീനതയിൽ ശക്തി പ്രാപിച്ചവർ, യുദ്ധത്തിൽ വീരന്മാരായി തീർന്നവർ, ശത്രുസൈന്യങ്ങളെ ഓടിച്ചവർ, ഉറ്റവരുടെ ഉയർത്തെഴുന്നേൽപിൽ സന്തോഷം കൊണ്ടവർ (എബ്രാ. 11:33,34) എന്നിവരുടെയെല്ലാം വിശ്വാസത്തിന്റെ ദൃഢത പ്രഖ്യാപിതമാണ്.

പക്ഷെ, വിജയത്തിന്റെ ഗിരികളേറിയ ഈ വീരവനിതകളും വീരന്മാരും കഷ്ടതയുടെയും തിരസ്കരണത്തിന്റെയും അപമാനത്തിന്റെയും ദുഃഖത്തിന്റെയും അഗാധകയങ്ങളിൽ മുങ്ങിത്താണവരായിരുന്നു (എബ്രാ. 11:35–38) എന്ന വസ്തുത ഈ ‘സമർത്ഥന്മാർ’ മനസോടെ മറക്കുന്നു. ജയിച്ചവരെല്ലാം കഷ്ടതയുടെ കയ്പു വേണ്ടുവോളം കുടിച്ചവരാണെന്ന നേരിനു നേരെയാണവർ കണ്ണടയ്ക്കുന്നത്. പക്ഷെ, അതുകൊണ്ടു സത്യം തമസ്കരിക്കപ്പെടുകയില്ലല്ലോ.

വിജയസോപാനത്തിന്റെ ആദ്യപടികൾ കഷ്ടതയുടേതാണെന്ന് ജയിച്ചു കയറിയവരുടെ ജീവിതം ഒരു പ്രാവശ്യമെങ്കിലും മനസോടെ വായിച്ചവർക്കു മറക്കാനാവില്ല. വിശ്വാസികളുടെ പിതാവായ അബ്രഹാമും, ഫറവോനു രണ്ടാമനായിത്തീർന്ന ജോസഫും, ഗവർണർമാരുടെ ഗവർണറായി ഉയർന്ന ദാനിയേലും, യിസ്രായേലിന്റെ പരമോന്നത ആത്മീയ ഗുരുവായിരുന്ന മോശെയും എക്കാലത്തെയും കീർത്തിമാനായിത്തീർന്ന ദാവീദും എല്ലാം കണ്ണീർപുഴകളുടെ ആഴങ്ങൾ നീന്തിക്കയറിയാണ് ഉന്നത പീഠങ്ങളിലെത്തിയതെന്നത് ഒരു സമവാക്യം പോലെ സത്യമാണ്.

### കഷ്ടതയിൽ പതറാത്ത ജീവിതതാളം

ഭക്തന്മാരെല്ലാം കഷ്ടതയുടെ അപ്പവും ഞെരുക്കത്തിന്റെ കണ്ണീരും വേണ്ടുവോളം ഭുജിച്ചവരായിരുന്നു. അപ്പോഴും അവരുടെ ഉപദേഷ്ടാവിനെ കണ്ടുകൊണ്ടിരുന്നു (യെശ. 30:20, സങ്കീ. 80:5) അതുകൊണ്ട് അവർക്കു കഷ്ടതയിലും പാടാൻ കഴിഞ്ഞിരുന്നു, താളം തെറ്റാതെ തന്നെ. ശരീരം മുഴുവൻ അടിച്ചു നുറുക്കപ്പെട്ട് അകത്തെ തടവിൽ കാലുകൾ ആമത്തിൽ ഇട്ടു പൂട്ടപ്പെട്ടവരായിരുന്നിട്ടും അർദ്ധരാത്രിയിലും അവരുടെ പാട്ടിനു മുടക്കം വന്നില്ല: സ്വരത്തിന് ഇടർച്ചയും. പൗലൊസും ശീലാസും പാടി ദൈവത്തെ സ്തുതിച്ചതു (പ്ര.16:25) ദൈവത്തിലുള്ള ആശ്രയം കൊണ്ടുതന്നെ.

രാത്രി മുഴുവനും കട്ടിലിനെ നനയ്ക്കാനും കിടക്കയെ ഒഴുക്കിക്കളയാനും വേണ്ടത്ര കണ്ണീർ പൊഴിക്കേണ്ടിവന്നപ്പോഴും ദുഃഖം കൊണ്ടു കുഴിഞ്ഞ കണ്ണുകളും തകർന്ന മനസ്സുമായിരിക്കുമ്പോഴും, ആർദ്രതയോടെ തന്റെ നേരെ തിരിയുന്ന കരുണാർദ്രമായ ആ മുഖം ദാവീദു കണ്ടു (സങ്കീ. 6:6–9)

കഷ്ടതയും ദണ്ഡനവും തന്റെ പാപങ്ങളോടുള്ള ദൈവകോപത്തിന്റെ പ്രകടനങ്ങളാണെന്നു തിരിച്ചറിഞ്ഞ ദാവീദ് തീവ്രമായ മനസ്താപത്തോടെ പാപബോധത്താൽ കുനിഞ്ഞ ശിരസുമായി ദൈവകൃപാകടാക്ഷത്തിനായി കാതോർക്കുന്ന വാക്ചിത്രങ്ങൾ എത്രയെത്രെ? ദോഷം ഒന്നും ചെയ്യാതിരുന്നപ്പോഴും ദാവീദ് പീഡിപ്പിക്കപ്പെട്ടിട്ടുണ്ട്. അപ്പോഴും അദ്ദേഹം ദൈവനീതിയെ വർണ്ണിച്ചു ദൈവസ്തോത്രം പാടുന്നു (സങ്കീ. 7:3,4,17).

**ഭക്തന്മാരെല്ലാം കഷ്ടതയുടെ അപ്പവും ഞെരുക്കത്തിന്റെ കണ്ണീരും വേണ്ടുവോളം ഭുജിച്ചവരായിരുന്നു. അപ്പോഴും അവരുടെ ഉപദേഷ്ടാവിനെ കണ്ടുകൊണ്ടിരുന്നു (യെശ. 30:20, സങ്കീ. 80:5) അതുകൊണ്ട് അവർക്കു കഷ്ടതയിലും പാടാൻ കഴിഞ്ഞിരുന്നു, താളം തെറ്റാതെ തന്നെ.**

### കഷ്ടതയിൽ ദൈവം കൂടെ

മരണം ഇരുൾ പരത്തുന്ന താഴ്‌വരയിൽ കൂടെ നടക്കുമ്പോഴും ഒരു അനർത്ഥവും ഭയപ്പെടാത്ത ദാവീദിനു ദൈവത്തിൽ എത്രമാത്രം ആശ്രയം ഉണ്ടായിരുന്നുവെന്നത്, കർത്താവു കൈവിടുന്നതുകൊണ്ടാണു കഷ്ടതയെന്നു പ്രചരിപ്പിക്കുന്ന സമൃദ്ധിയുടെ പ്രചാരകർക്കു മനസിലാകാത്ത മർമ്മമാണ്.

ദാവീദിനു ഭയമില്ലാതിരുന്നതു സാഹചര്യങ്ങൾ ഭയജന്യമല്ലാത്തതുകൊണ്ടല്ല; പ്രത്യുത, ഭയകാരണൻ ഭയപ്പെടുന്ന കർത്താവ് ഇടയനായി കൂടെ ഉള്ള സാഹചര്യങ്ങളിൽ നിന്ന് ഉയർത്തി ശത്രുക്കളുടെ മുമ്പാകെ വിരുന്നൊരുക്കി (സങ്കീ. 23:4) ബഹുമാനിക്കുന്ന ദൈവമാണു കൂടെയുള്ളത്. “കഷ്ടകാലത്തു ഞാൻ അവനോടുകൂടെ ഇരിക്കും: ഞാൻ അവനെ വിടുവിച്ചു മഹത്വപ്പെടുത്തും” (സങ്കീ. 91:15b), എന്ന ദൈവവാഗ്ദത്തം ഭക്തൻ തിരിച്ചറിയുന്നു.

To preserve, to cover, to protect എന്നൊക്കെ അർത്ഥം കൊടുക്കാവുന്ന സ്വർണ്ണഗീതങ്ങളായ (Miktham) 16 ഉം

(ശേഷം 6–ാം പേജിൽ)

### മന്ത്രവാദിയും കുടുംബവും രക്ഷിക്കപ്പെട്ടു



വെസ്റ്റ്ബംഗാളിലെ ഡാർജിലിംഗ് ജില്ലയിൽ കോതിദുരാ ഗ്രാമത്തിലെ പ്രകാശ്ബിശ്വകർമ്മ ഒരു മന്ത്രവാദിയായിരുന്നു. അദ്ദേഹത്തിന്റെ മരുമകൾ ഗർഭിണിയായിരിക്കുമ്പോൾ ഹൃദ്രോഗം ബാധിച്ചു. പ്രസവാനന്തരം കുഞ്ഞിനെ അത്യാസന്ന നിലയിൽ ഐ.സി.യുവിൽ പ്രവേശിപ്പിക്കേണ്ടിവന്നു. അത് അവിടത്തെ ജി.എം.ഐ മിഷണറിയായ സഞ്ജയനാപ്പ അറിഞ്ഞപ്പോൾ ആശുപത്രി സന്ദർശിച്ച് കുഞ്ഞിനു വേണ്ടി പ്രാർത്ഥിച്ചു. അമ്മയും കുഞ്ഞും അത്ഭുതകരമായി സൗഖ്യം പ്രാപിച്ചു. ഈ അനുഭവം ആ കുടുംബത്തെ മുഴുവനും കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നതിന് മുഖാന്തരമാക്കിത്തീർത്തു.

ഭാരതം കാത്തിരിക്കുന്നു - 37

# വെസ്‌ളി സഹോദരന്മാർ

*സരള ഓസ്റ്റിൻ*

ഇംഗ്ലണ്ടിലെ പൗരോഹിത്യ പാരമ്പര്യമുള്ള ഒരു ഭക്തകുടുംബത്തിൽ സാമുവൽ വെസ്‌ളി സൂസന്ന ദമ്പതിമാരുടെ പത്തൊൻപതു മക്കളിൽ പതിനഞ്ചാമനായി 1703 ജൂൺ 17-ന് ജോൺ വെസ്‌ളിയും ഏറ്റവും ഇളയവനായി 1707 ഡിസംബർ 18-ന് ചാൾസ് വെസ്‌ളിയും ജനിച്ചു. ഗ്രാമീണ ചുറ്റുപാടിലെ ദാരിദ്ര്യം നിറഞ്ഞ കുടുംബ പശ്ചാത്തലത്തിലാണ് ഇവർ മരണത്തെ ജയിച്ച് ജീവിച്ചത്. വേദനാജനകമായ സാഹചര്യങ്ങൾക്കു നടുവിലും ദൈവം നൽകിയ മക്കളെ സ്വർഗ്ഗരാജ്യത്തിന്റെ മൂല്യമുൾക്കൊള്ളുന്നവരായി വളർത്തുവാൻ സൂസന്നാ-സാമുവൽ ദമ്പതിമാർക്കു കഴിഞ്ഞു. 1709-ൽ ജോണിന് 5 വയസ് പ്രായമുള്ളപ്പോൾ ശത്രുക്കളായ അയൽക്കാർ ഇവരുടെ വീടിന് തീ വച്ച് നശിപ്പിക്കുവാൻ ശ്രമിച്ചു. സകലരും രക്ഷപ്പെട്ടപ്പോൾ വീടിന്റെ മുകളിലത്തെ നിലയിൽ ജോൺ മാത്രം കുടുങ്ങി. അവന്റെ ജീവൻ കത്തിയമരേണ്ട സ്ഥാനത്ത് രണ്ട് ഗ്രാമവാസികൾ വളരെ സാഹസികമായി അവനെ രക്ഷിച്ചു. ജീവിതത്തിൽ ഒരിക്കലും മറക്കാൻ കഴിയാത്ത ഈ സംഭവത്തെ ഓർക്കുമ്പോഴെല്ലാം "തീയിൽ നിന്നും വലിച്ചെടുക്കപ്പെട്ട കൊള്ളി" (സെഖ. 3:2) എന്ന വാക്യം തന്റെ ജീവിതത്തിൽ വളരെ അന്വർത്ഥമെന്ന് അദ്ദേഹം പിന്നീട് പ്രസംഗിക്കുമായിരുന്നു. ചില മാസങ്ങൾ മാത്രം പ്രായമുള്ള ചാൾസും ഈ അഗ്നിബാധയിൽ നിന്നും അത്ഭുതകരമായി രക്ഷപ്പെട്ടിരുന്നു. ഭവനത്തിലെ ഇളയ മകനെന്ന നിലയിൽ പ്രത്യേക പരിഗണനയിലാണ് താൻ വളർന്നത്. ചാൾസിന്റെ ജീവിതവും ചെറുപ്പം മുതൽ തന്നെ പ്രശ്നസങ്കീർണ്ണമായിരുന്നു. തന്റെ ജനനം തന്നെ അകാലപ്പിറവിയായിരുന്നതിനാൽ ജീവൻ മരണ പോരാട്ടത്തിലാണ് ബാല്യകാലം കഴിച്ചത്. ശൈശവാവസ്ഥയിൽ ജീവൻ നിലനിർത്തേണ്ടതിന് പലപ്പോഴും ചാൾസിനെ നേർത്ത തുണിയിൽ സൂക്ഷിച്ചിരുന്നു. പിന്നീട് ദൈവത്തിന് തന്റെ ജീവിതത്തെക്കുറിച്ച് ഒരു പ്രത്യേക ഉദ്ദേശമുണ്ടെന്നുള്ള ബോധ്യം തന്നിൽ ഉദിപ്പിക്കുകയും സ്വയം സമർപ്പിക്കുവാൻ ഇടവരുത്തുകയും ചെയ്തു.

ജീവിതാന്ത്യം വരെ ജോൺ വെസ്‌ളി ശക്തനായ ഒരു പ്രസംഗകനായി നിലനിന്നിരുന്നെങ്കിലും 1750 വരെയുള്ള കാലങ്ങളിൽ മാത്രമേ ചാൾസ് മുമ്പിൽ നിന്ന് പ്രവർത്തിച്ചുള്ളു. മെഥഡിസ്റ്റ് സമൂഹത്തിന്റെ ഉൽഭവത്തിനും മുന്നേറ്റത്തിനുമുള്ള കാരണം പഠിക്കുമ്പോൾ ജോൺ വെസ്‌ളിയോടൊപ്പം ചാൾസിനും ദൈവനിയോഗത്തിന്റെ ഒരു സ്ഥാനമുണ്ട്.

17 വയസുവരെ ലണ്ടനിലുള്ള ചാർട്ടർ ഹൗസ് സ്കൂളിലാണ് ജോൺ പഠനം നടത്തിയത്. തുടർന്ന് ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ക്രൈസ്റ്റ് ചർച്ച് കോളേജിൽ ഉപരിപഠനത്തിനായി ചേർന്നു. ജോൺ പഠനം പൂർത്തീകരിച്ച വർഷം ചാൾസ് അവിടെ ചേർന്നു. ഈ സമയം ഫെലോ ഓഫ് ലിങ്കൺ കോളേജായി ജോൺ തെരഞ്ഞെടുക്കപ്പെട്ടു. അവിടെ അദ്ദേഹം ഗ്രീക്ക് ലക്ചററായി. ഈ കാലയളവിൽ ജോൺ, ചാൾസ് ഇവരെ കൂടാതെ മോർഗൻ എന്ന മറ്റൊരു വ്യക്തിയും കൂടെ കൂടി. അവർ ഒരുമിച്ച് ആത്മീയ പ്രചോദനത്തിനായി പരസ്പരം സംസാരിക്കുകയും ബൈബിൾ ധ്യാനിക്കുകയും രോഗികളെ സന്ദർശിക്കുകയുമൊക്കെ പതിവായിരുന്നു. 1735 ആയപ്പോഴേക്കും ജോർജ് വൈറ്റ് ഫീൽഡ്, ജയിംസ് ഹെർവേ തുടങ്ങിയവരുൾപ്പെടെ ഈ ഗ്രൂപ്പ് നാലുപേരായി വിപുലീകരിക്കപ്പെട്ടു. വിമർശകരും മറ്റു സുഹൃത്തുക്കളും ഈ ഒത്തുചേരലിനെ ഹോളിക്ലബ് എന്നു വിളിച്ചു. ഈ പേര് പരിണമിച്ചാണ് മെഥഡിസ്റ്റ് എന്നായത്.

1735-ൽ ജോണും ചാൾസും അമേരിക്കയിലെ ജോർജിയായിൽ കോളനിസ്റ്റുകളുടെ ചാപ്പളെയ്നായും മറ്റു സമയങ്ങളിൽ അമേരിക്കൻ ഇന്ത്യൻസിന്റെ ഇടയിൽ മിഷനറിമാരായും പ്രവർത്തിക്കുന്നതിന് ഉത്സാഹത്തോടെ യാത്ര തിരിച്ചു. യാത്രയുടെ ആരംഭത്തിൽ കപ്പൽ ശക്തമായ കൊടുങ്കാറ്റിനെ നേരിട്ടു. ജീവഭയത്താൽ നിലവിളിക്കുവാൻ തുടങ്ങി. എന്നാൽ അതിലുണ്ടായിരുന്ന ചില മൊറേവിയൻസ് വളരെ സന്തോഷത്തോടെ ശാന്തമായി പ്രാർത്ഥിക്കുകയും സ്തുതിക്കുകയും ചെയ്തത് ജോണിനെ അത്ഭുതപ്പെടുത്തി. ഇവരുമായി കൂടുതൽ പരിചയപ്പെടുവാൻ ജോൺ ജർമ്മൻ ഭാഷവശമാക്കി. മിഷണറി പ്രവർത്തനങ്ങൾക്ക് ഉത്സാഹികളായ അവർ പ്രൊട്ടസ്റ്റന്റ് ഗ്രൂപ്പിൽപ്പെട്ട ലൂഥറൻ സഭക്കാരായിരുന്നു. എവരിൽ കണ്ടെത്തിയ ആത്മീയ വീര്യം പിന്നീട് വെസ്‌ളിമാരെ വളരെ ചിന്തിപ്പിക്കുകയും ജീവിതത്തെ മറ്റൊരു വഴിത്തിരിവിൽ കൊണ്ടെത്തിക്കുകയും ചെയ്തു.

1739 ജനുവരി 1-ാം തീയതി ജോണും ചാൾസും ഏകദേശം അറുപതു സ്നേഹിതരും ഒരുമിച്ച് പ്രാർത്ഥനയ്ക്കും ആത്മീയ സ്നേഹം പങ്കിടുന്നതിനും കൂടിയിരിക്കുമ്പോൾ പ്രഭാതത്തിൽ മൂന്നു മണിക്ക് ദൈവത്തിന്റെ അത്യന്തശക്തി അവരിലേക്കു ഒഴുകുവാൻ തുടങ്ങി. നിയന്ത്രിക്കാനാവാത്ത ദൈവശക്തിയിൽ ചിലർ ഉച്ചത്തിൽ ദൈവത്തെ സ്തുതിക്കുകയും മറ്റു ചിലർ നിലത്ത് കവിണ്ണു വീഴുകയും ചെയ്തു. അനന്തരമുള്ള നാളുകളിൽ ഇവരുടെ ശുശ്രൂഷകൾ വ്യത്യസ്തമായ ഒരു ആത്മീയതലത്തിലേക്ക് ഉയർന്നു. വേദികൾ ആത്മാവിന്റെയും ദൈവശക്തിയുടേയും പ്രദർശന കേന്ദ്രമായി മാറി. പലയിടങ്ങളിലായി മെഥഡിസ്റ്റ് സമൂഹങ്ങൾ ദ്രുതഗതിയിൽ വളരുവാൻ തുടങ്ങി. ദേശീയ ദൗത്യത്തിന്റെ ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കുക മാത്രമല്ല, ഇടയപരിപാലനത്തിന്റെ വ്യക്തമായ രൂപരേഖയും പിൻഗാമികൾക്കായി തയ്യാറാക്കുവാൻ ജോൺ വെസ്‌ളി സമർത്ഥനായിരുന്നു.

ഓരോ ദിവസം കഴിയുന്തോറും ജോണിന്റെ പ്രസംഗം കേൾക്കാൻ ധാരാളം ആളുകൾ വന്നുകൊണ്ടിരുന്നു. പ്രസംഗങ്ങൾ നടക്കുമ്പോൾ തന്നെ പാപബോധത്താൽ ഹൃദയം നിറയപ്പെട്ടവരായ ജനങ്ങൾ നിലവിളിക്കുകയും പാപക്ഷമയ്ക്കായി എന്തു ചെയ്യണമെന്ന് ചോദിക്കുകയും കവിണ്ണു നിലത്തു വീഴുകയും ചെയ്യുന്നത് സ്ഥിരം ദൃശ്യമായിരുന്നു. യാഥാസ്ഥിതക ചിന്താഗതിക്കാരിൽ നിന്നും ധാരാളം എതിർപ്പുകൾ ഇവർക്ക് നേരിടേണ്ടിവരികയും ചെയ്തിട്ടുണ്ട്.

ഓരോ വർഷവും 4500 മുതൽ 8000 മൈലുകൾ വരെ ജോൺ വെസ്‌ളി മിഷണറി യാത്രകൾ നടത്തി. ഈ കാലയളവുകളിൽ ഒരോ വർഷവും 5000-ലധികം പ്രസംഗങ്ങൾ ചെയ്തു. പരസ്യപ്രസംഗങ്ങൾ ആരംഭിച്ചതിനുശേഷം അദ്ദേഹം 2,25,000 മൈലുകൾ യാത്ര ചെയ്ത് 40,000 അധികം സന്ദേശങ്ങൾ നൽകി. ജോൺ വെസ്‌ളിയുടെ ശുശ്രൂഷകളിൽ എന്നും സഹായവും പ്രചോദനവുമായിരുന്ന സഹോദരൻ ചാൾസ് വെസ്‌ളി 1788-ൽ മരണമടഞ്ഞു.

1789 മുതൽ വാർദ്ധക്യത്തിന്റെ ബലഹീനതകൾ അനുഭവപ്പെട്ടെങ്കിലും ജോൺ വെസ്‌ളി മരണത്തിനു ചില ദിവസങ്ങൾ മുമ്പുവരെ ലേഖനങ്ങൾ എഴുതുകയും പ്രസംഗിക്കുകയും ചെയ്യുമായിരുന്നു. ഏകദേശം 200-ലധികം കൃതികൾ അദ്ദേഹം പ്രസിദ്ധീകരിച്ചു. ശുശ്രൂഷയുടെ 60 വർഷങ്ങൾ അദ്ദേഹം എന്നും പ്രഭാതത്തിൽ നാലുമണിക്ക് ഉണരുകയും ശുശ്രൂഷകൾക്കായി ഒരുങ്ങുകയും ചെയ്തിരുന്നു. "യഹോവയെ കണ്ടെത്താകുന്ന കാലത്ത് അവനെ അന്വേഷിപ്പിൻ. അവൻ അരികിലിരിക്കുമ്പോൾ വിളിച്ചപേക്ഷിപ്പിൻ" ഇതായിരുന്നു ജോൺ വെസ്‌ളിയുടെ അവസാന പ്രസംഗം. ജീവിതം മുഴുവൻ കർത്താവിനായി ഉഴിഞ്ഞുവച്ച ജോൺ -ചാൾസ് വെസ്‌ളിമാരെപ്പോലുള്ള ധീരയോദ്ധാക്കൾക്കായി ഭാരതം ഇന്നും കാത്തിരിക്കുന്നു.

✷

---

*5-ാം പേജിന്റെ തുടർച്ച... (കഷ്ടതയിൽ പതറാത്ത.....)*

56 മുതൽ 60 വരെയും ഉള്ള സങ്കീർത്തനങ്ങൾ സുരക്ഷിതത്വത്തിനു വേണ്ടിയുള്ള അഭയയാചനകളാണ്. ഈ നിവേദന സങ്കീർത്തനങ്ങളെല്ലാം ദാവീദിന്റെ ദൈവാശ്രയത്വത്തിന്റെ പ്രഖ്യാപനങ്ങളാണ്. ദൈവത്തിലുള്ള പരിപൂർണ്ണ ആശ്രയവും അതു നൽകുന്ന സുരക്ഷിതത്വവും ഏതു കഷ്ടതയും നേരിടാൻ അദ്ദേഹത്തെ ശക്തനാക്കുന്നു. 'സ്ഥിരമാനസൻ ദൈവത്തിൽ ആശ്രയം വച്ചിരിക്കുന്നതുകൊണ്ട് അവിടുന്ന് അവനെ പൂർണ്ണ സമാധാനത്തിൽ കാക്കുന്നു.' (യെശ. 26:3) എന്ന വാഗ്ദത്തം അദ്ദേഹത്തിനും അറിയാമായിരുന്നു.

കൊരഹ് പുത്രന്മാർക്കും അത്യാഹിതങ്ങളെയും പ്രകൃതിക്ഷോഭങ്ങളെയും ഭയമില്ല. കഷ്ടകാലത്തു ദൈവം ഏറ്റവും അടുത്ത തുണയായിരിക്കുന്നു (സങ്കീ. 48:1) എന്നതാണ് അവരുടെ സാക്ഷ്യം. "നീ ഭയപ്പെടേണ്ട, ഞാൻ നിന്നോടു കൂടെ ഉണ്ട്" (യെശ. 41:10) എന്നതു ദൈവത്തിന്റെ വാഗ്ദത്തവും.

### ഭൂമിയുടെ അറ്റത്തും ദൈവ സങ്കേതം

ഇത് സമകാല ചരിത്രം 1988 ജനുവരി 4 രാത്രി. ഓപ്പറേഷൻ മൊബിലൈസേഷന്റെ ലോഗോസ് എന്ന സുവിശേഷ വാഹിനി കപ്പൽ കടലിന്റെ ആഴത്തിലേക്ക് താഴാൻ തുടങ്ങി. കപ്പിത്താനായിരുന്ന ക്യാപ്റ്റൻ ഡേവിഡ് ഗ്രീൻലെ തന്റെ സഹപ്രവർത്തകരെയെല്ലാം കപ്പലിന്റെ മുകൾത്തട്ടിലേക്ക് വിളിച്ചുവരുത്തി. മരണം ഭീമാകാരം പൂണ്ട് പിളർന്ന വായുമായി പാഞ്ഞടുക്കുന്നത് അവർ കണ്ടു. സമുദ്രത്തിന്റെ തണുത്ത ആഴത്തിലേക്ക് കപ്പൽ താണുകൊണ്ടിരുന്നു. അവരുടെ ഹൃദയം ക്ഷീണിച്ചു. ഭൂമിയുടെ അറ്റത്ത് എത്തിപ്പെട്ട ആശങ്കാകുലമായ നിമിഷങ്ങൾ... ക്യാപ്റ്റന്റെ വാക്കുകളിൽ പക്ഷെ, അവർ വിശ്വാസത്തിന്റെ കനൽ കണ്ടു. അവർ പാടി, ദാവീദിന്റെ ഒരു പ്രാർത്ഥന, ഏകഹൃദയത്തോടെ, വിശ്വാസത്തോടെ.

ദൈവമേ, ഞങ്ങളുടെ നിലവിളി കേൾക്കേണമേ, ഞങ്ങളുടെ പ്രാർത്ഥന ശ്രദ്ധിക്കേണമേ. ഞങ്ങളുടെ ഹൃദയം ക്ഷീണിക്കുമ്പോൾ, ഞങ്ങൾ ഭൂമിയുടെ അറ്റത്തു നിന്ന് അങ്ങയെ വിളിച്ചപേക്ഷിക്കുന്നു. ഞങ്ങൾക്ക് അത്യുന്നതമായ പാറയിലേക്ക് ഞങ്ങളെ നടത്തേണമേ അവിടുന്ന് ഞങ്ങൾക്ക് ഒരു സങ്കേതവും ഉറപ്പുള്ള ഒരു ഗോപുരവും ആയിരിക്കുന്നു. (സങ്കീ. 61:1-3).

കപ്പൽ മുങ്ങി. ജീവാപായം ഒന്നും ഉണ്ടായില്ല. ഉവ്വ്, ഭൂമിയുടെ അറ്റത്തും അവിടുന്ന് ഉറപ്പുള്ള ഗോപുരം തന്നെയാണ്. അത് വിശ്വസിക്കണം. കഷ്ടത തളർത്തിക്കളയാതിരിക്കാൻ അത് അനിവാര്യമാണ്. ഞാൻ ഭയപ്പെടുന്ന നാളിൽ അങ്ങയിൽ ആശ്രയിക്കും... ഞാൻ ഭയപ്പെടുകയില്ല. (സങ്കീർ. 56:3,4), എന്ന് നമുക്കും ഏറ്റുപറയാൻ കഴിയണം.

✷



# ചങ്ങാതിക്കൂട്ടം

ഉണ്ണി അമ്മയമ്പലം

## ദൈവം സംസാരിക്കുന്ന പുസ്തകം

ഒരു പാറ്റ ഒരിക്കലിങ്ങനെ ചിന്തിച്ചു മനുഷ്യരെല്ലാം മഹാമണ്ടൻമാരാണ്. മഹാമണ്ടൻമാർ. അതായത് മഹാൻമാരായ മണ്ടൻമാർ. മണ്ടൻമാരിലും മഹാൻമാരോ എന്നു ചിന്തിച്ചു സമയം കളയേണ്ട. മഹാനായ അലക്സാണ്ടർ മഹാനായ അശോകൻ മഹാനായ അക്ബർ അങ്ങനെയങ്ങനെ നമ്മുടെ മഹാത്മാഗാന്ധി വരെ. ഇവരെയെല്ലാം മഹാത്മാക്കൾ എന്നു വിളിച്ചതിന് വളരെ വലിയ കാരണങ്ങളുണ്ട്. എന്നാൽ മഹാനായ മണ്ടൻ എന്നു വിളിച്ചത് നമ്മളെ മാത്രം നോക്കിയാണ്. അതും വെറുമൊരു പാറ്റ. എന്തായിരുന്നു കാരണം.

ഒരു ദിവസം അടച്ചു മൂടിയ അലമാരയ്ക്കുള്ളിൽ നമ്മുടെ പാറ്റയാശാൻ ചെന്നു പെട്ടു. അലമാര തുറന്നിട്ട് നൂറ്റാണ്ടുകളായെന്നു തോന്നുന്നു. അത്രയ്ക്ക് നാറ്റവും പൊടിയും മാറാലയും എല്ലാമുണ്ട് അതിനകത്ത്. ഇതു വല്ലതും പാറ്റയ്ക്കു ബാധകമാണോ. അവന് കുറച്ചുനാളൊരു സുഖവാസം. ശല്യങ്ങളൊന്നുമുണ്ടാകരുത്. തുറക്കാതെയും തുടയ്ക്കാതെയുമിരിക്കുന്ന അലമാരയാകുമ്പോൾ നോ പ്രോബ്ളം. സന്തോഷമായവന്.

എന്താ ഈ അലമാരയ്ക്കകത്ത് ഇത്ര ഭദ്രമായി അടുക്കി വച്ചിരിക്കുന്നത്. കുറേ കടലാസുകൾ. ചിലതെല്ലാം കടലാസുകെട്ടുകളാണ്.

പാറ്റയങ്ങനെ ഓടി നടക്കുമ്പോഴാണ് ഒരു ചെതലിനെ കണ്ടത്. വേണമെങ്കിൽ ചിതലെന്നു കൂടി വിളിച്ചോളൂ. ചിതല് ഒരു വലിയ പുസ്തകത്തിന്റെ പകുതിഭാഗം മുഴുവനും അകത്താക്കി അടിപൊളിയായിട്ടങ്ങനെ ഇരിക്ക്യാണ്.

പാറ്റ അന്തം വിട്ടു.

'എടാ ചെതലേ... നീ ആളു കൊള്ളാമല്ലോ.. ഈ പുസ്തകം തിന്നുകയാ നിന്റെ പണി അല്ലേ...'

ചെതല് ചിരിച്ചു.

ഇത്തിരിയോളം പോന്ന തന്റെ ശരീരം കുലുക്കി കുലുക്കി ചിരിച്ചു.

പാറ്റ നോക്കുമ്പോൾ ചെതലൻ ചേട്ടനു പിന്നിൽ ഒരു നൂറായിരം ചെതൽ കുടുംബങ്ങൾ. കുഞ്ഞും തള്ളയും മുത്തശ്ശിയും, മുത്തശ്ശനും അങ്ങനെ കൊറേയുണ്ട്.

പാറ്റയ്ക്ക് കാര്യം മനസ്സിലായി.

'മനുഷ്യരാരും തൊറന്നു നോക്കാനോ, തൂത്തു തുടച്ചു വൃത്തിയാക്കാനോ വരാത്തതുകൊണ്ട് വർഷങ്ങളായി ഇവന്മാരിവിടെ സ്ഥിര താമസമാക്കി പെറ്റു പെരുകുകയാണ്. ഇങ്ങനെ പോയാൽ ഈ അലമാരിയിലെ പുസ്തകങ്ങളും പേപ്പറുകളും മുഴുവൻ ഇവന്മാരകത്താക്കും. തീർച്ച.'

ഇങ്ങനെ ചിന്തിച്ചു ചിന്തിച്ചു നമ്മുടെ പാറ്റയാശാൻ മനുഷ്യവർഗത്തെ നോക്കി അവർക്കു നൽകിയ മനോഹരമായ ഓമനപ്പേരാണ് 'മഹാനായ മണ്ടൻമാർ'. മഹാ നായ മണ്ടൻമാർ എന്നു തെറ്റി വായിച്ചേക്കരുത്.

ആ.. എനിക്കെന്താ ഇവിടെ കാര്യം. ചിതലു തിന്നുന്നിടത്ത് പാറ്റയ്ക്കെന്തു കാര്യം. അടങ്ങി ഒതുങ്ങി മുകളിലോ താഴെയോ എവിടെങ്കിലുമൊരു തട്ടിൽ സുഖമായി ജീവിക്കാം. കുറെയേറെക്കാലം. പാറ്റ ചാടിയോടി എങ്ങോട്ടോ പോയി.

പുസ്തകങ്ങൾ പണം കൊടുത്തു വാങ്ങി അലമാരയിൽ സൂക്ഷിച്ചിരിക്കുന്ന നമ്മളെപ്പോലെയുള്ളവർക്ക് ഒരു മുന്നറിയിപ്പാണ് പാറ്റയുടെ വിശേഷണം.

മഹാനായ മണ്ടാ എന്നു വിളിക്കുന്ന പാറ്റയാശാനെ ചിലരെങ്കിലും പുസ്തകം നിറച്ച അലമാര തുറന്നപ്പോൾ കണ്ടിരിക്കും. ചിലപ്പോൾ ചിതലിനേയും.

പുസ്തകം വാങ്ങുന്നത് അലമാരയിൽ അടച്ചുപൂട്ടി വയ്ക്കാനല്ല എന്ന് ഇനിയെങ്കിലും മനസ്സിലാക്കുമോ? പുസ്തകങ്ങൾ നിരന്തരം ഉപയോഗിക്കേണ്ട അറിവിന്റെ നിധികളാണ്.

നല്ല പുസ്തകങ്ങൾ അതു വാങ്ങിയ ഒരാൾക്ക് മാത്രമല്ല പ്രയോജനം ചെയ്യുന്നത്. അനേകർക്ക് വർഷങ്ങളോളം ഉപയോഗിക്കാൻ സാധിക്കും. ഫ്രഞ്ച് സാഹിത്യകാരൻ അനട്ടോളേ ഫ്രാൻസ് ഒരിക്കൽ പറഞ്ഞു: 'പുസ്തകം ഒരിക്കലും കടം കൊടുത്തേക്കരുത്. ആരും തിരിച്ചു തരില്ല. എനിക്കു പലരും കടം തന്ന പുസ്തകങ്ങളാണ് എന്റെ ലൈബ്രറിയിലിരിക്കുന്നത്...'

ചിരി വരുന്നുണ്ടോ?

സംഭവം ശരിയാണ്.

നമ്മൾ പുസ്തകം വായിക്കുമ്പോൾ എത്രയെത്ര എഴുത്തുകാരാണ് നമ്മളോട് സംസാരിക്കുന്നത്?

മരിച്ചു പോയവരും ജീവിച്ചിരിക്കുന്നവരും അവർ സൃഷ്ടിച്ച വിചിത്ര സ്വഭാവങ്ങളുള്ള കഥാപാത്രങ്ങളും നമ്മളറിയാത്ത ഒരുപാടൊരുപാട് സ്ഥലങ്ങളും പ്രകൃതിയും എല്ലാമെല്ലാം നമ്മളോട് കാര്യങ്ങൾ പറയുന്നുണ്ട്. ഒരു കൂട്ടുകാരനെപ്പോലെ, സഹപാഠിയെപ്പോലെ, അദ്ധ്യാപകനെപ്പോലെ, മാതാപിതാക്കളെപ്പോലെ, എല്ലാം തികഞ്ഞ അറിവിന്റെ തമ്പുരാക്കന്മാരെപ്പോലെയല്ലേ ഓരോ പുസ്തകവും പെരുമാറുന്നത്. വ്യാസനും, വാൽമീകിയും, ഷേക്സ്പിയറുമൊന്നും ഇന്നു ജീവിച്ചിരിപ്പില്ല. പക്ഷേ അവർ നമ്മോടു വർത്തമാനം പറയുന്നു. സ്നേഹിക്കുന്നു. കുശലം ചോദിക്കുന്നു. എങ്ങനെ? അവരുടെ പുസ്തകങ്ങളിൽ കൂടി.

ജർമ്മൻ ശാസ്ത്രജ്ഞൻ ജി.സി. ലിഖ്റ്റെൻബർഗ് പറഞ്ഞു. പുസ്തകം കണ്ണാടി പോലെയാണെന്ന്. റോമൻ പ്രഭാഷകൻ മാർക്കസ് സിസീറോ പറഞ്ഞതോ.. 'പുസ്തകമില്ലാത്ത വീട് ആത്മാവില്ലാത്ത ശരീരംപോലെയാണെന്ന്.'

വായിച്ച കാര്യങ്ങൾ ജീവിതത്തിൽ പകർത്തണമെന്നും, ജീവിച്ചു കാട്ടണമെന്നും അമേരിക്കൻ സാഹിത്യകാരനായ ഹെന്റി ഡേവിഡ് തോറോ പറഞ്ഞിട്ടുണ്ട്.

നമ്മുടെ നാട്ടിൽ ഒരു പഴഞ്ചൊല്ലുണ്ട്. വിലപ്പെട്ടതൊന്നും അന്യരെ ഏൽപ്പിക്കരുതെന്ന്. പുസ്തകം, പണം, വിലപിടിച്ച രേഖകൾ, സർട്ടിഫിക്കറ്റ്, മാർക്ക്ലിസ്റ്റ്, ആധാരം ഇങ്ങനെ വിലപ്പെട്ടതെന്തെല്ലാമാണോ അതൊന്നും നമ്മൾ മറ്റുള്ളവരെ ഏൽപ്പിക്കരുത്.

ഒരു പുസ്തകം വായനയ്ക്ക് നൽകിയാൽ കൃത്യസമയത്തു തന്നെ അതു തിരികെ വാങ്ങണം. പുസ്തകത്തിന്റെ മൂല്യം എത്രത്തോളം വലുതാണെന്ന് ഇതിൽ നിന്നൊക്കെ വ്യക്തമല്ലേ.

### വായനയെപ്പറ്റി മഹാന്മാർ:

*'ഞാനൊരു രാജാവല്ലായിരുന്നെങ്കിൽ ബാസലിയൻ ഗ്രന്ഥശാലയിലെ ലൈബ്രേറിയനായിരിക്കാൻ ആഗ്രഹിക്കുമായിരുന്നു' - ജെയിംസ് രാജാവ്*

*'പണം കൊടുത്തു വല്ലതും വാങ്ങുന്നുവെങ്കിൽ അത് പുസ്തകമായിരിക്കണം' - ഇറാസ്മസ്*

*'മനുഷ്യന്റെ അതിവ്യാകുല ജീവിതത്തിൽ നിഷ്കളങ്കമായ ആനന്ദം തരുന്ന നിമിഷങ്ങൾ അപൂർവ്വമാണ്. യുദ്ധം ജയിച്ചാലും നിധി കിട്ടിയാലും അത്തരമൊരാനന്ദം കിട്ടണമെന്നില്ല. പുസ്തക പ്രണയത്തിൽ നിന്നേ ആ നിരുപമാനന്ദാനുഭൂതി ലഭിക്കൂ' - സുകുമാർ അഴിക്കോട്.*

### ദൈവനിവേശിത ഗ്രന്ഥം

ഇനി ലോകത്ത് ഏറ്റവുമധികം ആളുകൾ വായിക്കുകയും ഇപ്പോഴും വായിച്ചുകൊണ്ടിരിക്കുന്നതുമായ ഒരു ഗ്രന്ഥത്തെക്കുറിച്ചു പറയാം. വെറുമൊരു അറിവു പുസ്തകമല്ല അത്. ദ വേർഡ് ഒഫ് ഗോഡ്. അതായത് ദൈവശബ്ദം ജീവിക്കുന്ന പുസ്തകം. ദൈവം സംസാരിക്കുന്ന പുസ്തകം. അതാണ് വിശുദ്ധസത്യവേദപുസ്തകം. ഇനി പറയുക ദൈവം സംസാരിക്കുന്ന ഈ പുസ്തകത്തെ നമ്മൾ എങ്ങനെയൊക്കെ ബഹുമാനിക്കണം.

1) നിരന്തരം പാരായണം ചെയ്യണം. 2) വായിച്ചു ധ്യാനിക്കണം പ്രാർത്ഥിക്കണം. 3) എപ്പോഴും വചനഭാഗങ്ങൾ ഹൃദിസ്ഥമാക്കണം 4) ചെറിയ ഒരു ബൈബിൾ കൈയിൽ സൂക്ഷിക്കണം 5) നമ്മുടെ ആശ്രയമായി വചനത്തെ കരുതണം.

## മകൾക്ക് യേശു നൽകിയ വിടുതൽ



മദ്ധ്യപ്രദേശിലെ ഡിൻഡോരി ജില്ലയിൽ രേവരിടോല ഗ്രാമത്തിലെ ജുഗതി സിംഗിന്റെ മകൾ പൈശാചികപീഢയാൽ കഷ്ടപ്പെട്ടു കൊണ്ടിരുന്നു. ഇത് ആ കുടുംബത്തെ മുഴുവനും നന്നേ വലച്ചിരുന്നു. അവിടത്തെ ജി.എം.ഐ മിഷണറി ഗ്രേഷ്കുമാർ മാർക്കം രേവരിടോല ഗ്രാമം സന്ദർശിച്ച് സുവിശേഷം അറിയിക്കുന്ന സന്ദർഭത്തിൽ ഈ ഭവനത്തിലും പോകുവാൻ ഇടയായി. അവിടത്തെ വിവരങ്ങൾ അറിഞ്ഞപ്പോൾ അദ്ദേഹം അവരോട് ക്രിസ്തു നൽകുന്ന നിത്യമായ വിടുതലിനെയും, രക്ഷയേയും കുറിച്ച് പറയുകയും ആ കുട്ടിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തപ്പോൾ തന്നെ പിശാചിന്റെ ശക്തികളിൽ നിന്ന് അവൾ പൂർണ്ണമായി വിടുവിക്കപ്പെട്ടു. ഇപ്പോൾ അവർ കുടുംബമായി ഇവിടത്തെ ആരാധനയിൽ പങ്കെടുത്തുവരുന്നു.

## കവിത

### തൊട്ടറിയുന്ന ക്രിസ്തു

**കണ്ടറിയുന്നതു കണ്ണുകൊണ്ട്**<br>
**കേട്ടറിയുന്നത് കാതുകൊണ്ട്**<br>
**മണമറിയുന്നതു മൂക്കുകൊണ്ട്**<br>
**രുചിയറിയുന്നതു നാക്കുകൊണ്ട്**<br>
**തൊട്ടറിയുന്നത് ത്വക്കുകൊണ്ട്**<br>
**എല്ലാമറിയുന്നതെന്തുകൊണ്ട്**<br>
**നല്ലമനസ്സിന്റെ ശക്തികൊണ്ട്**<br>
**എല്ലാമറിയുന്നു നമ്മൾ നിത്യം**<br>
**നല്ല മനസ്സു ലഭിക്കുവാനായ്**<br>
**എന്തു ചെയ്യേണം, അറിയുക നാം**<br>
**നല്ല മനസ്സ് ലഭിക്കുവാനായ്**<br>
**ക്രിസ്തുവിനൊപ്പം കൂട്ടാകണം**<br>
**കണ്ടറിയുന്നതും കേട്ടറിയുന്നതും**<br>
**മണമറിയുന്നതും രുചിയറിയുന്നതും**<br>
**തൊട്ടറിയുന്നതും ക്രിസ്തുവിന്റെ**<br>
**നിർമ്മലസ്നേഹത്തെ വാഴ്ത്തു**<br>
**- വാനായ്**<br>
**കർമ്മങ്ങളൊന്നായി ചെയ്യുക നാം.**

EG NO. 337/14/15/ AL-86 TC III
MONTHLY MALAYALAM
REGD. NO. KL/TV(S)/142/2009-11
Posted at Trivandrum RMS on 26th of every month
LICENSE NO. - TECH/53/2009-2011 'LICENSED TO POST WITHOUT PRE PAYMENT'

# ഗ്രെയ്സ് മിനിസ്ട്രീസ് ഓഫ് ഇന്ത്യ ഒരുക്കുന്ന ഹോളി ലാന്റ് ടൂർ – വിശുദ്ധനാട് തീർത്ഥയാത്ര

**നമ്മുടെ രക്ഷകനും വീണ്ടെടുപ്പുകാരനുമായ യേശുക്രിസ്തു ജനിച്ചുവളർന്ന നാടുകളിലൂടെ, ബൈബിൾ ചരിത്രമുറങ്ങുന്ന യേശുനാഥന്റെ പുണ്യപാദങ്ങൾ പതിഞ്ഞ മണ്ണിലൂടെ ഒരു തീർത്ഥയാത്ര**

**2011 ഒക്ടോബർ 17 മുതൽ 26 വരെ – പത്തുദിവസങ്ങൾ**

**തിരുവനന്തപുരം – ജോർദ്ദാൻ – ഇസ്രായേൽ – പാലസ്തീൻ – സീനായ്– ഈജിപ്ത് – തിരുവനന്തപുരം**

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പാദസ്പർശമേറ്റ ചരിത്ര മണ്ണിലേക്ക് വിശ്വാസികളുടെ സംഘം! യേശുവിന്റെ ജനനം, പരസ്യശുശ്രൂഷ, കഷ്ടാനുഭവം, കുരിശുമരണം, ഉയർത്തെഴുന്നേൽപ്പ് തുടങ്ങിയ ചരിത്ര മുഹൂർത്തങ്ങൾ സംഭവിച്ച വഴിത്താരകളിലൂടെ ബ്രദർ ഡി.ജെ. അജിത്കുമാറിന്റെ നേതൃത്വത്തിൽ ആഴമേറിയ വിശ്വാസവും ആത്മഅനുഭവങ്ങളും നൽകുന്ന ഫെല്ലോഷിപ്പ് ടൂർ!



**1–ാം ദിവസം**
**തിരുവനന്തപുരം – അമ്മാൻ**

ജോർദ്ദാൻ, അമ്മാൻ, നെബോ പർവ്വതം, മദബാ, രാജവീഥി

**2–ാം ദിവസം**

ഇസ്രായേലിൽ എത്തിച്ചേർന്ന ശേഷം നസ്രത്ത്, കാനാവ്.

**3–ാം ദിവസം**

ഗലീല തടാകം, കഫർന്നഹൂം, പത്രോസിന്റെ ഭവനം, ഗലീല തടാകത്തിലൂടെ ബോട്ട് യാത്ര, ഗിരിപ്രഭാഷണ മല, താബ്ഗ

**4–ാം ദിവസം**

ജറുസലേം, ഗോൽഗോഥാ, ബഥേസ്ദാ കുളം, സെന്റ് ആൻസ് ചർച്ച്, വിലാപ വഴി, സീയോൻ മല, ദാവീദ് രാജാവിന്റെ കല്ലറ, മർക്കോസിന്റെ മാളികമുറി, വിലാപമതിൽ, എൻകരീം, ചാവ് കടൽ, ബെഥാന്യ, താബോർ മല

**5–ാം ദിവസം**

ഒലിവ് മല, ഗത്സമന, കല്ലറത്തോട്ടം, യെരിഹോം, കണ്ണുനീർ തുള്ളിയുടെ ദേവാലായം, റഷ്യൻപള്ളി, യെഹൂദന്മാരുടെ ശ്മശാനം, ഡോം ഓഫ് ദ റോക്ക്, ജെറുശലേം നഗരത്തിലെ മതിലുകൾ, പരീക്ഷണ മല.

**6–ാം ദിവസം**

യോർദാൻ നദി, ബേത്‌ലഹേം, തിരുപ്പിറവി പള്ളി, ഇടയന്മാരുടെ വയൽ.

**7–ാം ദിവസം**

ഏലിയാവിന്റെ കർമ്മേൽ പർവ്വതം, സീനായ്, കുംമ്റാൻ, മസാദ, താബ, കത്തുന്ന മുൾപ്പടർപ്പ്, മോശയുടെ കിണർ.

**8–ാം ദിവസം**

സൂയസ്ടണൽ, നൈൽ നദിയിലൂടെ ആഡംബര കപ്പൽ യാത്ര.

**9–ാം ദിവസം**

പിരമിഡ്, പുരാതന കെയ്റോ, മ്യൂസിയം, സ്ഫിങ്ക്സ്.

**10–ാം ദിവസം**

കെയ്റോ – തിരുവനന്തപുരം

**Tour Fare Includes:**

Return Air Ticket, All taxes, Visa fees, Border tax, 4 Star hotel stay on twin-sharing basis, Daily breakfast, Lunch and dinner, sight seeing in air-conditioned coach, full days of tour with the service of local guides, tips to driver and guides & Medical insurance.

ഗൾഫ് രാജ്യങ്ങളിൽ നിന്നും ടൂർ ടീമിനോടൊപ്പം ചേരാൻ അവസരമുണ്ടായിരിക്കും.

**ഉടൻ ബന്ധപ്പെടുക :**
**0471 – 2311439, 9895041002**

# ഗ്രെയ്സ് മിനിസ്ട്രീസ് ഓഫ് ഇന്ത്യ

ഇന്ത്യയിലും അയൽരാജ്യങ്ങളായ നേപ്പാൾ, ഭൂട്ടാൻ, ബംഗ്ലാദേശ് എന്നിവിടങ്ങളിലുമായി ഗ്രെയ്സ് മിനിസ്ട്രീസ് ഓഫ് ഇന്ത്യ നേതൃത്വം നൽകി വരുന്ന പ്രവർത്തനങ്ങൾ അനവധിയാണ്. താങ്കൾക്കും ഇതിൽ പങ്കാളിയാകാം.

**റസിഡൻഷ്യൽ മിഷണറി പ്രവർത്തനങ്ങൾ**



**സഞ്ചരിക്കുന്ന കൂടാര ശുശ്രൂഷ**



**ഗ്രെയ്സ് ഫെസ്റ്റുകൾ**



**ക്രിസ്തുകൃപ ആശ്രമങ്ങൾ**



**ഹാപ്പി ഫാമിലി മിഷൻ**



**പബ്ലിക്കേഷൻസ്**




**മാസിക പ്രവർത്തനങ്ങൾ**




**സൗജന്യ വിദ്യാഭ്യാസ പരിപാടികൾ**



**ജി. എം. ഐയുടെ മറ്റു പ്രവർത്തനങ്ങൾ**

- ★ TIMES (തിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മിഷൻ & ഇവാൻജലിസം സ്റ്റഡീസ്)
- ★ SMRITI (സ്കൂൾ ഒഫ് മേജർ റിലിജിയൻസ് & ഇന്ത്യൻ ക്രിസ്റ്റ്യൻ തിയോളജി)
- ★ ഏലീം മെഡിക്കൽ എയ്ഡ്
- ★ കാൽവറി ബ്ലഡ് ഡോണേഴ്സ് ഫോറം
- ★ ഡിസൈപ്പിൾസ് ഫാമിലി ഫെല്ലോഷിപ്പ്
- ★ പ്രെയർ സെല്ലുകൾ
- ★ ലിഡിയ ടെയിലറിങ്ങ് സ്കൂൾ
- ★ ഗ്രേഷ്യ കമ്പ്യൂട്ടർ ട്രെയിനിങ്ങ് സെന്റർ
- ★ ഗുരുകുലം വിദ്യാപീഠം
- ★ രഹബോത്ത് ഡ്രിങ്കിങ്ങ് വാട്ടർ പദ്ധതി
- ★ ഹന്ന പ്രെയർ
- ★ മസി സത് - സംഗ്

**Grace Ministries of India**, Nanthancode, Trivandrum- 695 003
☎ 0471 - 2311439 E-mail : graceministriesofindia@yahoo.com
Web Site : www.graceindia.in
A/C No. 009901000020000 (I.O.B, Main Branch, Statue, Trivandrum)